APRIL 2020 | VOL. L2. NO.1 | EASTER SPECIAL



# OLIVE



## BY HIS WOUNDS WE ARE *Healed*

ISIAH 53: 56





## CORONA

Christ Offers Ressurection Over Nights of Afflictions

# CORONA

## Christ Offers Resurrection Over Nights of Afflictions




ഒരു കടന്നു പോകലിനു ശേഷം മാത്രം സംഭവിക്കേണ്ട ഒന്നാണു ഉത്ഥാനം. മൂന്നാം ദിനത്തിൽ തെളിയുന്ന ആ പുലരി മന്ത്രത്തിൽ; കഴിഞ്ഞു പോയ, കടന്നുപോയ 3 ദിനങ്ങളുടെ ഇരുണ്ട യാമങ്ങളുണ്ട്, തണുത്തുറഞ്ഞ നിമിഷങ്ങളുണ്ട്. പ്രഭാതത്തിലെ പ്രത്യാശയുടെ കണിയായ് അവൻ നിന്റെ മുമ്പിൽ വന്നിട്ട് "നീ ആരെ അന്വേഷിക്കുന്നു?" എന്നാരായാനും, ഈറനണിഞ്ഞ നിന്റെ മിഴിയിൽ നോക്കി "നീ എന്തിനാണു കരയുന്നത്?" എന്ന് ചോദിക്കാനും ഒക്കെ ഇതു തന്നെ നിദാനം.

ഒരുവൻ അവന്റെ ആത്മീയവും, മാനസീകവും, സാമൂഹികവും, ഭൗതീകവുമായ തലങ്ങളിൽ ഇൻഫെക്റ്റട് ആകുമ്പോൾ, ആത്മാവിന്റെ ഇരുണ്ട രാത്രികളിലൂടെ കടന്നു പോകുമ്പോൾ, അവനെ സൗഖ്യമാക്കാൻ കഴിയുന്ന ആന്റിഡോട്ട്, അതു ക്രിസ്തുവാണ്. മോശ മരുഭൂമിയിൽ ഉയർത്തിയ പിത്തള സർപ്പത്തെ നോക്കിയവർ സുഖപ്പെട്ടതുപോല, ക്രിസ്തുവിന്റെ കുരിശിലേക്കു നോക്കിയവരും സമാനമായ സൗഖ്യം പങ്കിടുന്നു. കുരിശിലെ തിരുരക്തം കൊണ്ടുള്ള ആ സൗഖ്യം പൂർണ്ണമാകുന്ന ദിവസത്തിനു നമ്മൾ വിളിക്കുന്ന പേരാണ് ദി തേർഡ് ഡേ. അത്തരമൊരു മൂന്നാം ദിനം ജീവിതത്തിൽ സംഭവിക്കുന്നവർക്കുള്ള വാഴ്ത്താണ് ഉത്ഥാനം.

ഈ ഒരു കൊറോണ കാലത്തിനു ശേഷം നീയും, ഞാനും, ലോകം മുഴുവനും വിമലീകരിക്കപ്പെടും.... അത് ഉത്ഥിതന്റെ ഉറപ്പാണ്....

The Cover Design of this issue of OLIVE April - May 2020
has been prepared by Fr. Shinto Edassery CST

*"I have called you Friends"*

## താളുകൾ മറിക്കുമ്പോൾ


1. എഡിറ്റോറിയൽ
2. Superior General's Message
3. Superior General's Programme
4. Intimation
5. Candidates approved for Perpetual Profession and Holy Orders
6. Interview with Golden Jubilarians
7. Generalate News
8. Aluva Tidings
9. News from Mission in Africa
10. St. Thomas Province
11. St. Joseph's Province
12. Khrist Jyothi Province
13. Little Flower Province
14. Amazon Synod and the Post Synodal Apostolic Exhortation
15. ദൈവസ്വരം കൊറോണയിലൂടെ
16. ഒരു ഓഫർകാലത്തിന്റെ ഓർമ്മയ്ക്ക്
17. നന്ദി കോവിഡ്
18. കനൽവഴികൾ
19. എഴുതപ്പെട്ടതുപോലെ
20. Days to Remember
21. കോവിഡ് -19 പ്രതിരോധ പ്രവർത്തന റിപ്പോർട്ട്



# ഒലിവ്

**News Bulletin**

**Little Flower Congregation**

**Vol. L2 No. 1 April-May 2020**

**Patron : Superior General**

**Editorial Board :**

**Fr. Francis Kilivallickal CST**

**Fr. Baiju Kannampilly CST**

**Fr. James Purathail CST**

**Fr. Jojo Varakukalayil CST**

**Fr. Joseph Munduparambil CST**

**Phone: 9495137199**

**Web : www.cstfathersindia.com**

**E-mail:**
**lfcongregation@gmail.com**
**olivecstfathers@gmail.com**

**Published from:**
**Little Flower Generalate**
**Thrikkakara P.O.**
**Kochi - 682021.**

**Printed at:**
**Little Flower Printing Press**
**Thrikkakara P.O.**
**Phone : 0484-2988453**
**email:lfthrikkakara@gmail.com**

***(For private circulation only)***



## എഡിറ്റോറിയൽ

ദുഃഖങ്ങൾക്ക് അവധികൊടുത്ത് ഒരു ഈസ്റ്റർ കൂടി നമ്മുടെ ഇടയിലേക്ക് കടന്നുവന്നിരിക്കുകയാണ്. മനുഷ്യനിൽ നിന്ന് ദൈവത്തിലേക്ക് എത്ര ദൂരമുണ്ട്? അപ്രസക്തമാകാം ഈ ചോദ്യം. ദൂരം ഏറെയില്ലെന്നാണ് ദൈവശാസ്ത്ര പണ്ഡിതനായ കാൾ റാനർ പറയുക. കാരണം, പരിമിതികളെയും പരിധികളെയും പഴങ്കഥയാക്കുന്ന മനുഷ്യന്റെ അനന്തസാധ്യതയുടെ പരമാവധി സാക്ഷാത്ക്കാരമാണ് യേശുവിന്റെ മനുഷ്യാവതാരം. ദൈവമനുഷ്യനിൽ മനുഷ്യാവതാരം പൂർണ്ണമാകുന്നത് ഉയിർപ്പിലാണ്. അപ്പോൾ, മനുഷ്യൻ സാധ്യതയും ഉയിർപ്പ് സാക്ഷാത്ക്കാരവും ആകുന്നു. ഉയിർപ്പിന്റെ ജീവിതം ദൈവത്തിലേക്കുള്ള മനുഷ്യന്റെ ദൂരം കുറയ്ക്കുന്നു.

യേശുവിന്റെ ജനനം ഈ പ്രപഞ്ചത്തിന്റെ ശാശ്വതഭാഗമായതുകൊണ്ട് യേശുവിന്റെ ഉയിർപ്പിലൂടെ ഈ പ്രപഞ്ചം മുഴുവൻ നവീകരിക്കപ്പെട്ടു. പുതിയ ആകാശവും പുതിയ ഭൂമിയും രൂപപ്പെട്ടു. നമുക്കത് ഉത്ഥാനജീവിതത്തിന്റെ മുന്നാസ്വാദനമായി. നാമോരോരുത്തരും ഇപ്പോൾ തന്നെ ഉത്ഥിത വ്യക്തികളായി ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ദൈവശാസ്ത്രജ്ഞനായ ഫാ. ഇഗ്നേഷ്യസ് ക്കുറിയ നമ്മെ ബോധ്യപ്പെടുത്തുന്നു. ഈ ചിന്തകൾ മറ്റൊരു ദൈവശാസ്ത്രജ്ഞനായ ഫാ. ജോൺ സൊബ്രീനോയെ ഉത്ഥാന അനുഭവത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുകയും ചെയ്തു.

ചിന്തകൾക്കുപോലും അന്യമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തിയാണ് ഈ ഉത്ഥിത ജീവിതത്തിന്റെ കർമ്മഭൂമിയിൽ നമുക്കുള്ള ഊർജ്ജം. വഴികാട്ടി മുമ്പേ നടന്നും, ഇന്നു കൂടെയായിരുന്നും നമ്മെ നയിക്കുന്ന ഉത്ഥിതന്റെ ഉത്ഥാനമഹത്വം നമ്മൾ ആഘോഷിക്കുമ്പോൾ ഏറ്റുപറയേണ്ടതാണ് "ബന്ധങ്ങളേ വിട" എന്ന്. വാനിൽ ഉയർന്നുപറക്കുമ്പോഴും കുട്ടിയുടെ കൈയിൽ കെട്ടിയ ചരടിന്റെ ബന്ധനം പട്ടം ഓർക്കുന്നുണ്ടാവുമോ? പട്ടത്തിന്റെ കാര്യത്തിൽ നമുക്ക് സമാശ്വസിക്കാം. എന്നാൽ ഉത്ഥിത ജീവിതത്തിന്റെ പ്രവാചക ശബ്ദമാകേണ്ട നമ്മിലോ? നെടുവീർപ്പോ അതോ ആശ്വാസമോ? ദൈവകൃപയ്ക്കൊപ്പം തകർക്കാനാകാത്ത ഇച്ഛാശക്തി കൂടെവേണം, നമ്മുടെ ബലഹീനതകളെ അതിജീവിച്ച് ഉത്ഥിതജീവിതത്തിന് ഉടമകളാകാൻ. ഒരു ചെറിയ ചോദ്യമുയരുന്നു! ഉത്ഥിതജീവിതത്തിലേക്ക് ഇനിയുമെത്ര ദൂരം? ഈ ദൂരം താണ്ടാൻ ഞാനെടുക്കുന്ന പ്രതിജ്ഞാബദ്ധജീവിതമാണ് ക്രൈസ്തവജീവിത

ത്തിന്റെ കർമ്മഭൂമി. ദൈവപുത്രസ്ഥാനമലങ്കരിക്കുന്ന എന്റെ അനന്യത അന്യം വരാതെ നോക്കേണ്ടതും ഇവിടെയാണ്.

നാം ഈസ്റ്ററിന്റെ ജനമാണ്. ജീവിതവും ആത്മീയതയും നമുക്കൊരാഘോഷമാണ്. സന്തോഷവും സമാധാനവുമാണ് ഉയിർത്തെഴുന്നേറ്റവന്റെ മുഖമുദ്ര. മനുഷ്യവംശത്തിന് രക്ഷ പകരുവാൻ വന്ന ഈശോ ഭൂമിയിലവതരിച്ചപ്പോൾ മാലാഖ ആട്ടിടയൻമാരോട് പറഞ്ഞു:"ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു"(ലൂക്കാ 2:10). ഇതിന് സമാനമായി ഈശോയുടെ ഉത്ഥാനത്തിന് ശേഷവും ദൂതന്മാർ പ്രത്യക്ഷപ്പെട്ട് ആ വലിയ സന്തോഷത്തിന്റെ സദ്വാർത്ത ലോകത്തെ അറിയിച്ചു. യേശുവിന്റെ ഉത്ഥാനം പ്രതീക്ഷയുടെ തിരുനാളാണ്. ദുഃഖവെള്ളിയുടെ സഹനങ്ങൾ അർത്ഥശൂന്യമായി അവസാനിക്കേണ്ടതല്ലെന്നും ഉയിർപ്പിനായി കാത്തിരിക്കണമെന്നുമുള്ള സന്ദേശം ഈസ്റ്റർ നമുക്ക് നൽകുന്നു. കല്ലറ ശൂന്യമായതുപോലെ നമുക്ക് നമ്മുടെ ജീവിതത്തിലെ ഭയങ്ങളെ അകറ്റി ഉയിർത്തെഴുന്നേറ്റവന്റെ ശക്തി നമ്മുടെയുള്ളിൽ പ്രവേശിക്കാൻ ഇടം കൊടുക്കണം. കർത്താവിന്റെ കല്ലറയിൽപോയ എല്ലാവർക്കും ഉള്ളിൽ പേടിയായിരുന്നു. കൊലപാതകിയെപ്പോലെ കൊല്ലപ്പെട്ടവൻ, അവന്റെ കല്ലറയിങ്കൽ കാവൽക്കാർ നിൽക്കുന്നു. എന്തും സംഭവിക്കാം എന്ന ഉൾഭയം അവരെ ആകെ വിഴുങ്ങിയിരിക്കുന്നു. പക്ഷേ, ഭയങ്ങളെയെല്ലാം തൂത്തെറിഞ്ഞാണ് വിജയശ്രീലാളിതനായി ക്രിസ്തു ഉയിർത്തെഴുന്നേറ്റത്.

ഉത്ഥാനം ചെയ്ത യേശുവിനെ അനുഗമിക്കുന്ന നമ്മുടെ സമർപ്പണ ജീവിതത്തിലും ഭയത്തിന്റെയും അസ്വസ്ഥതയുടെയും അനുഭവങ്ങൾ ഉണ്ടാകാം. എന്നാൽ നാം ആഴമേറിയ വിശ്വാസത്തിൽ വളരുമ്പോൾ, കർത്താവ് നമ്മോടൊപ്പമുണ്ടാകും. യേശുവിന്റെ ഉയിർപ്പ് ഒരു വലിയ അത്ഭുതമല്ലേ; എന്നാൽ ആത്യന്തികമായ രൂപാന്തരീകരണത്തിലേക്ക് നമ്മെ നയിക്കുന്ന സത്യത്തിന്റെ സാക്ഷാത്ക്കാരമാണ് അത്. അപരന്റെ ദുഃഖവെള്ളിയാഴ്ചകളിലെ ദുരന്തങ്ങളിൽ സഹായിക്കാനും, നമ്മുടെ സന്യാസ പൗരോഹിത്യ ശുശ്രൂഷയിൽ ഉത്ഥാനത്തിന്റെ ശേലുള്ള ശൈലികൾ വളർത്തിയെടുക്കാനും സാധിക്കുമ്പോൾ നമ്മുടെ ഉത്ഥാനാനുഭവം യാഥാർത്ഥ്യമാകും. അങ്ങനെ നമുക്കും സ്നേഹത്താൽ ജ്വലിച്ച്, തീക്ഷണതയാൽ നിറഞ്ഞ് ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികളാകാം.

ഒലിവിന്റെ വായനക്കാർക്കെല്ലാം പ്രത്യാശയും സമാധാനവും സന്തോഷവും നിറഞ്ഞുനിൽക്കുന്ന ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ◆

## SUPERIOR GENERAL'S MESSAGE

Cardinal Luis Antonio Tagle, President of Caritas Internationalis and Prefect of the Congregation for the Evangelization of Peoples, during the Sunday Holy Mass on March 29, preaching about the story of Jesus raising Lazarus from the dead, looked at a variety of ways people can be in "tombs" and in need of light, fresh air and new life. Looking specifically at the Covid 19 Pandemic, Cardinal Tagle, pointed out how people are losing their jobs, especially the daily wage earners; and the lack of resources and consequent poverty could be one "tomb" right now for many poor people. "Could those who could afford it go to those tombs and release the poor people who owe them money, release them from their debt?" he asked.

In his homily, Cardinal Tagle also looked at where nations spend their money, noting that "we don't have enough masks when there are more than enough bullets" and "we don't have enough supplies or ventilators," but countries spend millions on just one warplane. It is shameful that some countries have large reserves of weapons but lack medicines, masks, protective equipment and basic food. The *Tomb* can be the symbol of spiritual decay, behaviour disorders, discrimination, prejudice, domination, violence and misplaced spending priorities and many more - all negative, lifeless, foul-smelling, crisis situations. Coming out of the Tomb is the Resurrection - the experience of a new life of values, creativity and credibility.

During this Easter Season there are two other images we can reflect on - *Huge Stones* (Mark-16:3-4) that entombed the buried Jesus and *Locked Doors* (John 20:19-23) - the account of the disciples, after the death of Jesus, locking themselves into an upper room in fear and then experiencing Jesus coming through the locked doors to bestow peace on them. These images remind us of what often separate us from the grace of the resurrection. Sometimes for that grace to find us, someone must "roll away the stone" that entombs us and sometimes the resurrection must come to us "through locked doors". For the

power of the resurrection to enter us, something from beyond us has to remove the huge, immovable rock of our resistance and decay. This is not to deny that we, ourselves, have goodwill and personal strength. Like the women at that first Easter, we need to be anxious: “Who will roll back the stone?”

The Gospels tell us that the Disciples were huddled in fear and paranoia behind locked doors, wanting only to protect themselves, when Christ came through their locked doors, the doors of their fear and self-protection and breathed peace into them. Their huddling in fear wasn’t because of ill-will or bad faith. In their hearts they sincerely wished that they weren’t afraid, but that good will still didn’t unlock their doors. Christ entered and breathed peace into them in spite of their resistance, their fear and their locked doors.

As a Religious Community and as individuals we are still mostly huddling in fear, anxious about ourselves, distrustful, not at peace and our doors locked. We want the resurrected Christ comes through the locked doors of human resistance and breathes out peace. Moreover, this year, the Covid 19 has our cities and communities locked down and we are inside our houses, dealing with the various combinations of frustration, impatience, fear, panic and boredom that assail us. Right now we need a little extra something- a divine, super power - to experience the resurrection, a stone to be rolled away so that resurrected life can come through our locked doors with Peace.

These images reveal about God’s grace: When we cannot help ourselves we can still be helped and when we are powerless to reach out, grace can still come through the walls of our resistance and breathe peace into us. We need to cling to this whenever we experience irretrievable brokenness in our lives, when we feel helpless inside our wounds, when fears overcome us and when we feel spiritually inept. We are not expected to be in the tombs locked with huge stones or be inside of the locked doors. We shall be children of light and new life. The resurrected Christ can come through locked doors and roll back

any stone that entombs us, no matter how hopeless the task is for us.

This quarter of the year - April, May and June - are very important for us for our spiritual renewal, reminding us of our Religious Consecration, intense preparations and refreshing ourselves to start anew with new academic life and activities. Perhaps, Covid 19 has spoilt all our plans and made us more humble to submit ourselves to the caring hands of God. The impact of Covid 19 shall be very drastic. But, learning from all these experiences, we shall make our best efforts to regain the lost vigour and resurrect to resilience and new life. Let us be firm in our resolution - *we shall overcome.*

Wish you all the Blessings of the Easter and best compliments of the season.

Fr. Francis Kilivallickal CST
Superior General

---

## PROGRAMMES OF THE SUPERIOR GENERAL

***June to September 2020***

| DATES | PROGRAMMES |
|---|---|
| 02-23 June | Visitation in CST Mission in Africa - Tanzania and Kenya |
| 29 July to 28 August | Visitation in the Ashrams and Institutions of Khrist Jyoti Province |
| 29 August to 24 September | Visitation in the Ashrams and Institutions of Little Flower Province |

# All the programmes planned may be cancelled or reorganized depending on the Covid19 Lockdown and feasibility.

# INTIMATION

## A. CANCELLATION OF COMMON PROGRAMES:

The following Common Programmes scheduled to be held in April- May 2020 have been cancelled due to Covid 19 and Lockdown:

- One Month Preparation Course for Perpetual Profession (31 March 2020 to 30 April 2020). (*This Course shall be conducted for the two batches together on 31 March to 30 April 2021.)*
- One Week Intensive Preparation Course for Perpetual Profession (30 April to 05 May, 2020). (*This Course shall be conducted for the two batches together on 30 April 2021 to 05 May 2021.)*
- Common Retreats arranged at Little Flower Seminary, Aluva and Little Flower Generalate on 05 May 2020 evening to 11 May 2020. (*One Retreat shall be conducted at Little Flower Seminary, Aluva on 05 May to 11 May 2021 for the Seminarians who study Philosophy and another Retreat shall be arranged at Little Flower Generalate, Thrikkakara on 05 May to 11 May 2021 for the Seminarians who study Theology and who prepare for Perpetual Profession)*
- Major Seminarians Meet and programmes associated with it are cancelled for the year 2020.
- Seminarians shall renew their Vows / make Perpetual Profession at the places wherever they are at present on or before 17 May 2020. The Provincial Superiors shall arrange for the Holy Mass and Profession.
- Seminarians approved for receiving Holy Orders shall wait for the announcement of new dates. There will not be conferring of Holy Orders on 13 May 2020 at Little Flower Seminary, Aluva.
- Governing Body Meeting of Little Flower Seminary, Formation Council Meeting and Inter Province meeting

are postponed to a future date. New dates shall be announced later.

- Common Retreat of the Novices at Little Flower Novitiate House, Mookkannur on 10 May to 16 May 2020 has been cancelled. Only the Novices at Mookkannur shall have their Retreat on the scheduled dates.
- First Profession of the Novices shall be arranged at the Novitiate Houses on 17 May 2020 without solemnity and more than 20 people.
- The Inauguration of the New Academic Year 2020-21, the Admission of the new Candidates in the First Year Minor Seminaries and the Entry of Candidates to the Novitiate, Academic Calendar, Holidays, Examinations, Promotions etc shall be decided and implemented by the concerned Rectors of the Seminaries / Novice Masters of the Novitiate Houses in consultation and approval of the respective Provincial Superiors.

**B. DISPENSATIONS:**

- Bro. Jinto Varakukalaparambil of St. Joseph's Province has received the Rescript dated 25 June 2019 from the Major Archbishop, Syro-Malabar Church, Mount St. Thomas, Kakkanad, for dispensation from Religious Vows and permission to leave Little Flower Congregation.
- Bro. Akhil Akkapadickal of Little Flower Province has received the Rescript dated 28 December 2019 from the Major Archbishop, Syro-Malabar Church, Mount St. Thomas, Kakkanad, for dispensation from Religious Vows and permission to leave Little Flower Congregation.
- Bro. Anoop Thekkemuriyil of Little Flower Province has received the Rescript dated 28 December 2019 from the Major Archbishop, Syro-Malabar Church, Mount St. Thomas, Kakkanad, for dispensation from Religious

Vows and permission to leave Little Flower Congregation.

- Fr. Roget Vettukallel of St Thomas Province has received the Rescript dated 31 January 2020 from the Prefect, Congregation for the Oriental Churches, Rome for dispensation from Religious Vows and permission to leave Little Flower Congregation.
- Bro. Rijo Areeckal of Little Flower Province has received the Rescript dated 20 February 2020 from the Major Archbishop, Syro-Malabar Church, Mount St. Thomas, Kakkanad, for dispensation from Religious Vows and permission to leave Little Flower Congregation.

**C. ANNNUAL RETREATS FOR CST FATHERS**

- At Darsana Retreat Centre, Illithode - mainly for the Fathers of SJ Province 13 to 18 September 2020.
- At Provincial House, Hanumangarh - mainly for the Fathers of KJ Province on 11 to 16 October 2020.
- At Gorakhpur - manly for the Fathers of LF Province on 25 to 30 October 2020 at Retreat Centre, Campierganj.
- At Little Flower Generalate on 01 Nov. 2020 evening to 06 Nov. 2020
- At Potta Vincentian Retreat House - mainly for the Fathers of St. Thomas Province on 15 Nov. 2020 evening to 20 Nov. 2020. ◆

---

*"When we are no longer able to change a situation, we are challenged to change ourselves."* - Viktor Franklin

# LIST OF CANDIDATES APPROVED FOR PERPETUAL PROFESSION AND HOLY ORDERS

***A. CANDIDATES FOR PERPETUAL PROFESSION - May 2020***

| | |
|---|---|
| 1. Kurisumkal Jose (SJ)<br>2. Mulangattil Nevin (SJ)<br>3. Mundaniorathel Tony (SJ)<br>4. Panamoottil Sijo (SJ)<br>5. Pavamkottu Bipin (SJ) | 1. Kallikkatt Praveen (LF)<br>2. Konukunnel Jickson (LF)<br>3. Njarakkatt Jerrin (LF)<br>4. Panamthottam Abin (LF)<br>5. Perumana Ashish (LF)<br>6. Thekkinedath Joyal (LF)<br>7. Vallanatt Jibin (LF)<br>8. Varakukalayil Albin (LF) |
| 1. Palathinkal Mathew (ST)<br>2. Panachipuram Joyal (ST)<br>3. Panthackal Shebin (ST)<br>4. Chennattu Robin (ST)<br>5. Vellamattathil Jomet (ST) | 1. Kalapurackal Rince (KJ)<br>2. Padinjaremattam Juslin (KJ)<br>3. Valeputhenpurayil Nikhil (KJ) |

***B. CANDIDATES FOR MINOR ORDERS- KAROYA - 2020***

| | |
|---|---|
| 1. Kurisumkal Jose (SJ)<br>2. Mulangattil Nevin (SJ)<br>3. Mundaniorathel Tony (SJ)<br>4. Panamoottil Sijo (SJ)<br>5. Pavamkottu Bipin (SJ) | 1. Kallikkatt Praveen (LF)<br>2. Konukunnel Jickson (LF)<br>3. Njarakkatt Jerrin (LF)<br>4. Panamthottam Abin (LF)<br>5. Perumana Ashish (LF)<br>6. Thekkinedath Joyal (LF)<br>7. Vallanatt Jibin (LF)<br>8. Varakukalayil Albin (LF) |
| 1. Palathinkal Mathew (ST)<br>2. Vellamattathil Jomet (ST) | 1. Kollamparambil Tinto (KJ)<br>2. Kalapurackal Rince (KJ)<br>3. Padinjaremattam Juslin(KJ)<br>4. Narangathottathil Sajan (KJ)<br>5. Valeputhenpurayil Nikhil (KJ)<br>6. Vayalil Sam (KJ) |

***C. CANDIDATES FOR MINOR ORDERS- HEUPADIAKNOUSA (Sub-Diaconate)***

1. Parekkattil Rince (SJ)
2. Puthenpurayil Bipin (SJ)
3. Pallathukuzhiyil Noble (LF)
4. Cherukunnel Bibin (ST)

***D. CANDIDATES FOR MAJOR ORDERS - M'SAMSANA (Diaconate) - 2020***

1. Thundiyil Jacob (SJ)
2. Vayalil Davis (SJ)
3. Thuravackal Arun (ST)
4. Vellappattu Jithin (ST)
5. Narippara Ajay (KJ)

◆

# INTERVIEW WITH GOLDEN JUBILARIANS

*നമ്മുടെ സഭയിലെ 8 വന്ദ്യവൈദികർ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി നിറവിൽ ആണ്. പതിറ്റാണ്ടുകളോളം സഭയെ ശുശ്രൂഷിച്ച ഇവർ പിൻതലമുറയ്ക്കു നൽകുന്ന മാതൃക വലുതാണ്. ഇത്തരുണത്തിൽ പൗരോഹിത്യജീവിതത്തെക്കുറിച്ചും കാലഘട്ടത്തിന്റെ വെല്ലുവിളികളെക്കുറിച്ചും ഇവർ മനസ്സുതുറക്കുകയാണ്. സഭയുടെ ഇനിയുള്ള പ്രവർത്തനങ്ങൾക്കും സന്യാസജീവിതത്തിനും ദിശാബോധം നൽകുവാനുപയുക്തമായ ദർശനങ്ങൾ രൂപപ്പെടുത്തുവാൻ സഹായകമായ അവരുടെ വാക്കുകളിൽ നിന്നും:*

**1. സുവർണ്ണ ജൂബിലിയുടെ നിറവിൽ, ക്രിസ്തുവിന്റെ ശുശ്രൂഷാ പൗരോഹിത്യ ജീവിതകാലങ്ങളിൽ ജാഗ്രത പുലർത്തേണ്ട മേഖലകൾ ഏതൊക്കെ ആണ് എന്ന് വിശദീകരിക്കാമോ?**

**ഫാ. ജോസഫ് കെ. പി:** ക്രിസ്തുസാക്ഷ്യം പലവിധത്തിൽ ഉണ്ടല്ലോ. ഓരോ ക്രൈസ്തവനും ക്രിസ്ത്യാനി എന്ന നിലയിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ടവനാണ്. ഞാൻ ക്രിസ്ത്യാനി, സന്യാസി, വൈദീകൻ എന്നീ മൂന്ന് തലങ്ങളിൽ ക്രിസ്തുസാക്ഷ്യത്തിനു വിളിക്കപ്പെട്ടവനാണ്. ഞാൻ സാദാ പുരോഹിതനല്ല, മറിച്ച് സന്യാസ പുരോഹിതനാണ്. ഈ അവബോധം എന്നിൽ ഉണ്ടായിരിക്കുകയും എന്റെ വ്യക്തി ജീവിതം അതിനനുസരിച്ച് ആയിരിക്കുകയും വേണം. ഇത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടത് സന്യാസ സമൂഹജീവിതത്തിൽ ഊന്നി നിന്നുകൊണ്ടും ചെറുപുഷ്പ സഭയുടെ നിയമാവലിയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ടുമാവണം. ഒപ്പം ഓർക്കേണ്ട മറ്റൊരു കാര്യം ഞാൻ വെറുമൊരു സാമൂഹ്യ പ്രവർത്തകനല്ല എന്നതാണ്. മലയിൽ പ്രാർത്ഥിച്ച, എല്ലാവർക്കും നന്മ ചെയ്തുസഞ്ചരിച്ച ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ടല്ലാതെ ഫലം പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. ഞാൻ വല്ലതുമൊക്കെ തട്ടിക്കൂട്ടി ജീവിച്ച് കാലഘട്ടത്തിന്റെ ഒഴുക്കിൽ പോകേണ്ടവനല്ല എന്ന അവബോധത്തിൽ നിന്നേ ക്രിയാത്മകമായ ഉണർവ്വ് ഉണ്ടാകൂ.

ഞാൻ നന്നാകാതെ മറ്റുള്ളവരെ നന്നാക്കാനാവില്ല. നല്ല പിള്ള ചമഞ്ഞ് ഉപരിപ്ലവമായി ജീവിച്ചുതീർക്കേണ്ടതല്ല എന്റെ ജീവിതം. എന്റെ സന്യാസത്തോട് നീതി പുലർത്തുന്നവനായിരിക്കണം. അങ്ങനെ വ്യക്തി ജീവിത സാക്ഷ്യത്തിലൂടെ, എന്റെ സന്യാസ സമർപ്പണത്തിലൂടെ ക്രിസ്തു സാക്ഷ്യം വഹിക്കുക എന്നതാണ്

എന്റെ പരമപ്രധാനമായ കർത്തവ്യം. ഇത് ഞാൻ പ്രാവർത്തിക മാക്കേണ്ടത് “strict to oneself, generous to others, liberal to God”എന്ന തത്വത്തിൽ ഊന്നി നിന്നുകൊണ്ടുമാകണം.

**ഫാ. ജോസഫ് ഒരികാല:** Priest - a minister of the Mysteries of the Saviour shall live the same mysteries, he is celebrating at the altar: “Imitamini, quod tractentur”, live, what you are handling at the altar. He should strive to identify himself to the life and to the spirit of divine Saviour. The Holy Eucharist must be celebrated with unction and devotion, with prior preparation through the official prayers of the Church - the Ramsha, Leliya and Supra.

**ഫാ. ജോൺ കുടിലിൽ:** പ്രവാചക ദൗത്യമാണ് ഓരോ പുരോഹിതന്റേയും കർത്തവ്യം. ഈ പ്രവാചക ദൗത്യത്തെ വെല്ലുവിളിക്കാൻ ഇന്നത്തെ ജനങ്ങൾ പൊതുവെ സജ്ജരാണ്. ഇതിനെ നേരിടുവാൻ ആഴമുള്ള വിശ്വാസവും സമർപ്പണ മനോഭാവവും അനിവാര്യമാണ്. ക്രിസ്തുവിനു വേണ്ടി നിലകൊള്ളുവാൻ എന്തു പീഢനവും സഹിക്കാൻ തയ്യാറാകണം.

**ഫാ. തോമസ് കല്ലിടുക്കിൽ :** ചെറുപുഷ്പസഭയിലെ വൈദീകർ സന്യാസപുരോഹിതരാണ്. ആദ്യം മൂന്ന് വ്രതങ്ങൾ സ്വീകരിച്ച് സമർപ്പിച്ച് സന്യാസികളാകുന്നു. അതിന് ശേഷമാണ് യേശുവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുചേരുന്നത്. അതുകൊണ്ട് സന്യാസത്തെ മാറ്റിനിർത്തിക്കൊണ്ട് പൗരോഹിത്യത്തെക്കുറിച്ച് ചിന്തിക്കുക സാധ്യമല്ല. സന്യാസജീവിതത്തിനാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. രണ്ടിലും സാഹസികതയും വെല്ലുവിളികളും ഉണ്ട്. ക്ഷണിക്കപ്പെടുന്നതിലും ക്ഷണം സ്വീകരിക്കുന്നതിലും സാഹസികതയുണ്ട്. ദൈവവിളി എന്ന പദത്തിൽ അന്തർലീനമായിരിക്കുന്ന യാഥാർത്ഥ്യം ഈ സാഹസികതയാണ്. ഈ സാഹസികതയും വെല്ലുവിളികളും എടുത്തുമാറ്റി ആർക്കും ജീവിക്കാവുന്ന ജീവിതശൈലിയായി മാറിയിരിക്കുന്നു. സന്യാസപൗരോഹിത്യം (ശിഷ്യത്വം) സന്നിധാനത്തിലാണ് ഉറപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യവും ഇന്ന് മറഞ്ഞുപോയി. കർമ്മജ്വരവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സന്യാസപൗരോഹിത്യം കാലാതീതമായ ഒരു സനാതനമൂല്യ മാണെന്ന് മറക്കാതിരിക്കുക. യേശുക്രിസ്തു ബലിയർപ്പകനും ബലിവസ്തുവും ആണ് യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ

അനന്യതയും അതുല്യതയും ഒരു വ്യക്തിയിൽ സമുന്നയിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത. അതുപോലെ പുരോഹിതനും ബലിയേകാനും ബലിയാകാനുമാണ് വിളിക്കപ്പെട്ടിരിക്കുന്നത് എന്ന സത്യം വിസ്മയിക്കാതിരിക്കുക. ഞാൻ ചെയ്തതെല്ലാം എന്റെ നാമത്തിൽ ഒരുമിച്ചു കൂടുമ്പോൾ എന്റെയോർമ്മയ്ക്കായി ചെയ്യുവിൻ.

യേശു ചെയ്തതെല്ലാം സംക്ഷിപ്തമായി പറഞ്ഞാൽ രണ്ട് കാര്യമാണ്. (Consecration) സമർപ്പണം (Sharing) പങ്കുവെക്കൽ. ഇത് രണ്ടും പൗരോഹിത്യജീവിത്തിൽ അനുവർത്തിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളാണ്.

**ഫാ. ജോസഫ് അറക്കപ്പറമ്പിൽ:** മറ്റുള്ളവർക്കായി വിളിക്കുന്നവനായ പുരോഹിതൻ ക്രിസ്തുവിനെപോലെ തന്റെ ജീവനെക്കാൾ മറ്റുള്ളവരെ സ്നേഹിക്കണം. പുരോഹിതൻ ഏതു മേഖലയിലേക്ക് ജോലി ചെയ്യുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അവിടെ ജാഗ്രതയോടെ വർത്തിക്കണം. പ്രക്ഷുബ്ധമായ ഈ ആധുനിക ലോകത്തിൽ എല്ലാ മേഖലയിലും പുരോഹിതർ ജാഗ്രതയോടെ, 'ജാഗരൂകരായിരിക്കുവിൻ' എന്ന ക്രിസ്തു വചനത്തെ ഉൾക്കൊണ്ട് ജീവിക്കണം.

**ഫാ. ജോൺ മുണ്ടയ്ക്കൽ:** "You did not choose me but I chose you and appointed you that you should go and bear fruit and that your fruit should abide" (Jn. 15:16). വിളിയേയും വിളിച്ചവനേയും വിശ്വസ്തരായിരിക്കുക. കർമ്മത്തോടും കാർമ്മികരോടും താദാത്മ്യപ്പെടുക. ആത്മാർത്ഥതയും, സ്നേഹവും, സമർപ്പണവുമുണ്ടായിരിക്കുക. ക്രിസ്തുസ്നേഹം ക്രിസ്തുപ്രതിപുരുഷനിലൂടെ എവിടെയും എല്ലായിടത്തും സഹജീവികൾക്ക് അനുഭവസ്ഥമാക്കുക.

**2. "Be little and serve the little" ചെറുപുഷ്പസഭയുടെ ആദർശവാക്യമാണല്ലോ. Be little ഓരോ സഭാംഗത്തിന്റെയും വ്യക്തിഗത പരിശുദ്ധിയും മനോഭാവവും എടുത്തുകാണിക്കുമ്പോൾ, Serve the little സഭയുടെ കാരിസത്തെ എങ്ങനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാമെന്ന് പ്രതിപാദിക്കുന്നു. ഈ ആദർശവാക്യത്തോട് ചേർന്നു നിന്നുകൊണ്ട് വി. ചെറുപുഷ്പത്തിന്റെ ആദ്ധ്യാത്മിക ശിശുത്വം ഏതു രീതിയിൽ ഈ നവീനയുഗത്തിൽ സാക്ഷ്യം വഹിക്കാൻ ഇന്ന് സഭാംഗങ്ങൾക്ക് സാധിക്കും? ഒന്നു വിശദീകരിക്കാമോ?**

**ഫാ. ജോസഫ് കെ. പി:** വ്യക്തിഗതജീവിതം പ്രായോഗിക

തലത്തിൽ ആദ്ധ്യാത്മിക ശിശുത്വവും സ്വയം ശൂന്യവൽക്കരിച്ച യേശു ജീവിതവും അടിസ്ഥാനപ്പെടുത്തി ഞാൻ എന്റെ അനുദിന ജീവിതത്തെ ക്രമീകരിക്കണമെന്നത് പരിശീലനത്തിൽ ലഭിച്ചിരിക്കുന്ന ബോധ്യങ്ങളുടെയും അനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ ജീവിച്ചു കാണിക്കുമ്പോഴാണ് ജീവിതസാഫല്യം ഉണ്ടാവുക. സന്യാസജീവിതം ക്രിസ്തുവിനെ അനുധാവനം ചെയ്യലാണ് എന്നു നേരത്തെ സൂചിപ്പിച്ചല്ലോ.

**Serve the little** എന്ന രണ്ടാം ഭാഗത്തെപ്പറ്റി ചിന്തിക്കുമ്പോൾ ചെറുപുഷ്പ സഭാതനയർ പൊതുവേ മുൻനിരയിൽ തന്നെയാണ് എന്ന് പറയാൻ പറ്റും. എന്നാൽ **Be little** എന്ന ആദ്യഭാഗം അത്ര പ്രശംസനീയമല്ല. പോരായ്മകൾ ധാരാളമുണ്ട്. ലൗകായികത്വം വ്യക്തി ജീവിതങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജീവിതശൈലി പരിശോധിച്ചാൽ മതിയാകും. വേഷഭൂഷാദികൾ, പെരുമാറ്റങ്ങൾ, നടപ്പും എടുപ്പും. സഭയുടെ വാർഷിക ധ്യാനങ്ങളും മാസധ്യാനങ്ങളും വ്യക്തിഗതജീവിതത്തെ സ്പർശിക്കുന്നുണ്ടോ? അനേകം മുടന്തൻ ന്യായങ്ങളുണ്ടാകും പറയാൻ. എന്റെ സ്വകാര്യ ജീവിതത്തിൽ ഞാൻ എന്നോടുതന്നെ സ്ട്രിക്റ്റ് ആയാൽ മാത്രമേ ആദ്ധ്യാത്മിക മേഖലയ്ക്ക് ഉണർവുണ്ടാകൂ. അല്ലെങ്കിൽ സ്വയം പരിത്യാഗം ഒക്കെ പഴഞ്ചൻ ആശയമായി മാറും. സെബദീപുത്രമനോഭാവം ശക്തി പ്രാപിക്കും.

ചെറുപുഷ്പ സഭാകാരിസത്തെപ്പറ്റി ചിന്തിക്കുമ്പോൾ വല്യച്ചന്റെ ജീവിതരീതിയും അദ്ദേഹത്തിൽ നിന്ന് സഭാതനയരായ നമ്മൾ സ്വീകരിച്ചിരിക്കുന്ന പൈതൃകങ്ങളും പഠന, വിചിന്തന, വിഷയങ്ങളാക്കി സ്വാംശീകരിക്കണം. അപ്പോഴേ സഭാകാരിസം പ്രായോഗികതലത്തിൽ അർത്ഥപൂർണ്ണമാവുകയുള്ളു. കഠിനാധ്വാനം, അതിഥി സൽക്കാരം, ഉപകാരികളോടുള്ള ആദരവ്, രോഗികളോടുള്ള കൺസേൺ തുടങ്ങിയവ ഒക്കെ നമ്മുടെ പൈതൃകങ്ങളാണ്. വല്യച്ചന്റെ ജീവിതശൈലിയിലേയ്ക്ക് ഒരു തിരിഞ്ഞു നോട്ടം ആവശ്യമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ രണ്ടാം ഘട്ടം ഒരു സന്യാസ പുരോഹിതൻ എന്നതായിരുന്നല്ലോ. അദ്ദേഹത്തിന്റെ ജീവിത പ്രതിബദ്ധത എല്ലാവർക്കും മാതൃകയാണ്. കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞുനോക്കാത്ത വ്യക്തിത്വം. അതിരാവിലെ പരിശുദ്ധകുർബാനയുടെ മുമ്പിൽ കരങ്ങൾ കൂപ്പി, മുട്ടിന്മേൽ ധ്യാനനിമഗ്നനായി നിൽക്കുന്ന വല്യച്ചനെയായിരുന്നു സഭാംഗങ്ങൾ കണികണ്ടിരുന്നത്. അദ്ദേഹത്തിന്റെ ജീവിതചര്യയിലെ നിഷ്ഠകൾ,

കാലിലെ മന്ത് വകവയ്ക്കാതെ എല്ലാ കമ്യൂണിറ്റി എക്സർസൈസു കളിലും പങ്കെടുത്തിരുന്നത്, ഫോർമേഷൻ കഴിഞ്ഞ ഇന്നത്തെ കൊച്ചച്ചന്മാരുടെ പൊതുസമൂഹപ്രാർത്ഥനയും മറ്റും പരിശോധിക്കാൻ സഹായിക്കും.

സന്യാസജീവിതം ഇന്ന് വിസ്മരിക്കുന്ന, ഒട്ടും വിലകൽപ്പിക്കാത്ത കാര്യമാണ് പൊതുപ്രാർത്ഥന, പൊതുഭക്ഷണം, പൊതു ഉല്ലാസം തുടങ്ങിയവ. ആർക്കും ആരോടും പ്രതിബദ്ധതയില്ലാത്ത മൊബൈൽ കേന്ദ്രീകൃതജീവിതം മാറുവാനുള്ള സന്യാസ പരിശീലനം നൽകാൻ കഴിയുന്നില്ലെങ്കിൽ ജീവിതം തോന്ന്യാസ മാകും.

**ഫാ. ജോസഫ് ഒരികാല:** “Be little and serve the Little ones of Jesus”. Religious and priestly life is a Call to be little at the feet of Jesus and close to his Heart. A priest shall be ever humble and thankful and give honour and glory to Jesus only. He shall be available and helpful for all and deal with everyone respectfully.

**ഫാ. ജോൺ കുടിലിൽ:** “Serve the Little” എന്ന ആദർശം കാത്തുസൂക്ഷിക്കാൻ നമ്മൾ ഒത്തിരി കാര്യങ്ങൾ ചെയ്യാനുണ്ട്. എന്നാൽ “Be Little” എന്ന ആദർശ വാക്യം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സഭാംഗങ്ങൾ പരാജയപ്പെടുന്നു. എല്ലാം ഉണ്ടായിട്ടും ഒന്നും ഇല്ലാത്തവനെപ്പോലെ ആയിത്തീരുവാൻ കുരിശിന്റെ ഇല്ലായ്മയെ സ്വീകരിക്കുവാൻ നമ്മൾ പരാജയപ്പെടുക യാണ്. അതുകൊണ്ട് കുരിശിന്റെ ഇല്ലായ്മയെ സ്വീകരിക്കുവാനും, കർമ്മല മഠത്തിന്റെ ചൈതന്യം - ശൂന്യത- ഉൾക്കൊള്ളുവാനും, വല്ല്യച്ചന്റെ ദാരിദ്ര്യത്തെ പുൽകുവാനും, നമ്മൾ മനസ്സറിഞ്ഞ് തയ്യാറാകണം.

**ഫാ. തോമസ് കല്ലിടുക്കിൽ :** തന്റെ ശൂന്യവത്കരണത്തെക്കുറിച്ച് ഫിലിപ്പിയുടെ ലേഖനത്തിൽ 2:7 ൽ പറയുന്നത്പോലെ ദരിദ്രനായി യേശു ജനിച്ചു. ദരിദ്രനായി അദ്ധ്വാനിച്ചു ജീവിച്ചു. പാവങ്ങളോ ടൊപ്പം സഹവസിച്ച് അവരുടെ കൂട്ടുകാരനായി അവരുടെ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കുംവേണ്ടി നിലകൊണ്ടു. അവസാനം ഏറ്റവും ദരിദ്രനായി കുരിശിൽ മരിച്ചു.

യേശു ദാരിദ്ര്യം കൊണ്ട് ഉദ്ദേശിച്ചത് സമ്പത്തിൽ, അറിവിൽ, അംഗീകാരത്തിൽ, സ്വാധീനത്തിൽ, സ്ഥാനമാനങ്ങളിൽ ഇങ്ങനെ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെയാണ്.

"നിങ്ങൾ ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" ഈ വചനമാണ് വി. കൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മിക ശിശുത്വത്തിന്റെ അടിസ്ഥാന തത്വം. കൊച്ചു കുഞ്ഞുങ്ങളിൽ കാണുന്ന സ്വഭാവഗുണങ്ങളാണ് നിഷ്കളങ്കത, സ്നേഹം, ആത്മാർത്ഥത, തുറവി, വിനയം. ഈ ഗുണങ്ങളെല്ലാം വി. കൊച്ചുത്രേസ്യയുടെ ജീവിതത്തിന്റെ പ്രധാന ഘടകങ്ങൾ ആയിരുന്നു. താൻ എന്തെങ്കിലും ആണെങ്കിൽ അത് ദൈവകൃപ യാലാണ് എന്ന മനോഭാവം അവളിൽ ഉണ്ടായിരുന്നു. ദാരിദ്ര്യം, ലാളിത്യം, സഹനം, പരിത്യാഗം, വിനയം തുടങ്ങിയവ പണ്ട് സന്യാസത്തിന്റെ ഉന്നതമൂല്യങ്ങളായിരുന്നു. ഇന്ന് അതെല്ലാം കുറഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെ സന്യാസ പൗരോഹിത്യ ജീവിതത്തിന് അർത്ഥമുണ്ട്, മൂല്യമുണ്ട്, പ്രസക്തിയുണ്ട് എന്ന് ജീവിതത്തിലൂടെ തെളിയിക്കേണ്ടിയിരിക്കുന്നു.

**ഫാ. ജോസഫ് അറക്കപ്പറമ്പിൽ:** ക്രിസ്തു തന്റെ ജീവിതകാലത്ത് അവന്റെ വചനത്തിലൂടെയും പ്രവൃത്തിയിലൂടെയും സ്ഥാപിച്ച കൂദാശകളിലധിഷ്ഠിതമായ വൈദീക ജീവിതങ്ങൾ ഈ നവീനയുഗത്തിലും കരുപ്പിടിപ്പിക്കേണ്ടതും അവനിൽ തന്നെയാണ്. എളിയവനായി നമ്മുടെ ഇടയിലൂടെ കടന്നുപോയ അവന്റെ പാതകൾ എളിയതാണെന്ന് മനസ്സിലാക്കി സ്വാർത്ഥ താത്പര്യങ്ങൾ കൂടി വരുന്ന ഈ നവീനയുഗത്തിൽ എളിമയുടെ ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കണം.

**ഫാ. ജോൺ മുണ്ടയ്ക്കൽ:** "I understood that love comprised allcreations, that love was everything.... my vocation, at last I have found it..... My vocation is "LOVE" (St. Therese). എല്ലാത്തിന്റേയും ഉടമയായ ഉണ്ണിമിശിഹാ ഒന്നുമില്ലാത്തവനായ് പുൽക്കൂട്ടിൽ ജനിച്ചു. ആ ഉണ്ണിയേശുവിനെയാണ് കൊച്ചുത്രേസ്യ അവളുടെ സർവ്വസ്വമവുമാക്കിയത്. ആ ഉണ്ണിയേശു തന്നെയാണ് അവളെ ഉണ്ണിമിശിഹായുടെ കൊച്ചുത്രേസ്യയാക്കിയതും. ഈ യേശുവിലുള്ള സമർപ്പണജീവിതമാണ് അവളെ സ്വകുടുംബത്തിലും, സന്യാസസമൂഹത്തിലും, ലോകം മുഴുവനിലും കൊച്ചുറാണിയാക്കി മാറ്റിയതും, വി. കൊച്ചുത്രേസ്യയാക്കിയതും. ഈ കൊച്ചുത്രേസ്യ തന്നെയാണ് ഓരോ ചെറുപുഷ്പസന്യാസിയുടേയും മാതൃകയും, വഴികാട്ടിയും. അതേ സമർപ്പണവും, സഹവർത്തിത്വവും സേവനസന്നദ്ധതയും, വിനീതജീവിതവും, ഉത്തമജീവിത മാതൃകയുമാണ് ഇന്ന് ഓരോ ചെറുപുഷ്പസഭാംഗത്തിനു

മുണ്ടായിരിക്കേണ്ടതും, സ്വായത്തമാക്കേണ്ടതും. വിനീതരോടും പീഡിതരോടും പാവപ്പെട്ടവരോടുമൊപ്പം അവരിലൊരുവനായ് ജീവിക്കുകയും, പ്രവർത്തിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുമ്പോൾ നാമോരോരുത്തരും യഥാർത്ഥ ചെറുപുഷ്പ മിഷനറിമാരായിത്തീരുകയാണു ചെയ്യുക.

**3. ധാരാളം വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ യുവവൈദികർ ക്രിസ്തുനാഥന് സാക്ഷ്യം വഹിക്കുവാൻ പരിശീലിക്കേണ്ട തന്ത്രമന്ത്രങ്ങൾ ഏവ?**

**ഫാ. ജോസഫ് കെ. പി:** ബോധ്യത്തോടെയുള്ള വ്യക്തിജീവിത സാക്ഷ്യത്തിന് യത്നിച്ച് നമ്മുടെ സഭാകാരിസം വൺ സൈഡഡ് ആകാതെ ശ്രദ്ധിക്കണം. അതായത് പ്രവർത്തനോന്മുഖ ജീവിതത്തിന് പ്രാധാന്യം നൽകി ആദ്ധ്യാത്മിക മൂല്യങ്ങളായ ലാളിത്യം, ആത്മാർത്ഥത ഇവയ്ക്കൊന്നിനും വിലകൽപ്പിക്കാതെ യുള്ള സന്യാസജീവിതം ആധുനിക കാലത്ത് എതിർസാക്ഷ്യ മായിരിക്കും നൽകുക. പരിശീലനകാലം കഴിഞ്ഞാൽ എന്തുമാകാം എന്ന മനോഭാവം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ആർഭാടം, അട്ടഹാസം തുടങ്ങിയവ വർദ്ധിക്കുകയും നിശബ്ദത, ഇന്റീരിയോരിറ്റി, ലാളിത്യം തുടങ്ങിയവ തഴയപ്പെടുന്നതായും തോന്നുന്നു. 1 രാജാ. 19/12ൽ പ്രവാചകൻ ദൈവസ്വരം ശ്രവിക്കുന്നത് മന്ദമാരുതനിലാണ്, കൊടുങ്കാറ്റിലും ഇടിമുഴക്കത്തിലുമൊന്നുമല്ല എന്നു മനസ്സിലാക്കുക.

**ഫാ. ജോസഫ് ഒരികാല:** “Wise and prudent, but guileless” before others. A priest shall never be sleepy or indifferent, rather active and alert, vigilant and circumspect. He should have an open eyes to the problems and needs of others. The habit of wide reading and be aware of the current and past events. He shall have an inkling to learn new and enrich his knowledge.

Few practical suggestions, observations:

1. C.S.T. Priest shall not be an addict to mobile phones.
2. He shall be noble in his thoughts and words and blameless in his dealings with others.
3. His life should be transparent; especially in money matters, but rich in the spirit of poverty.
4. The Procurator shall consult with the Superior in all income and expenditure and the accounts must be correct and up to

date.

5. The Provincial superior shall snap off the tendency to petty, alcoholic meetings among the members.
6. C.S.T. Priest must be earnest to keep kitchen, dining, rooms, toilet and the surroundings neat and tidy. “Cleanliness is next to Godliness”. It is unfortunate to observe, that the guest rooms and the toilets are generally left unattended. An extra mirror in the rooms will help to keep the toilet tidy.
7. The members must have a pleasant, humorous and happy face,radiating the inner joy of the call to be little; but boisterous laughter and ambiguous talks are unbecoming.

**ഫാ. ജോൺ കുടിലിൽ:** നവമാധ്യമങ്ങളുടെ അതിപ്രസരം യുവവൈദികരെ ആത്മസമർപ്പണത്തിൽ നിന്നും ആത്മീയതയിൽ നിന്നും പിന്തിരിപ്പിക്കുന്നുണ്ട്. Priesthoodന്റെ ശരിയായ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കാൻ പരാജയപ്പെടുന്ന യുവവൈദീകർ ഈ ദിവ്യമായ കൂദാശയെ വെറും തൊഴിലിനോടുപമിക്കുന്നതും ഈ നൂറ്റാണ്ടിന്റെ പോരായ്മയാണ്. അതുകൊണ്ട് നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യം സ്വപ്നം കാണുവാനും അതു നേടിയെടുക്കുവാനും യുവവൈദീകർ പരിശ്രമിക്കണം.

**ഫാ. തോമസ് കല്ലിടുക്കിൽ :** മേൽപ്പറഞ്ഞ കാര്യങ്ങൾ ജീവിതത്തിൽ പകർത്താൻ ശ്രമിക്കുക. My Message is my Life എന്ന് പറയാൻ യുവവൈദീകർക്ക് സാധിക്കണം. ആഡംബരപൂർണ്ണവും, അനുഷ്ഠാനബദ്ധവും, സുരക്ഷിതത്വം നിറഞ്ഞ ജീവിതവുമായി തരംതാഴാതിരിക്കുക. സുവിശേഷ സാഹസികത വീണ്ടെടുക്കുക. ക്രിസ്തു ശിഷ്യന് ഒരു ധർമ്മമേയുള്ളൂ. ക്രിസ്തുവിനെ അനുഭവിക്കുക. അതുപോല അനുഭവപ്പെടുത്തുക. അനുഭവിക്കൽ നടക്കുമ്പോൾ അനുഭവിപ്പിക്കൽ സ്വാഭാവികമായി നടന്നുകൊള്ളും. ഇതിന് കുറുക്കുവഴികൾ ഒന്നുമില്ല. കുരിശിന്റെ വഴി മാത്രമേ ഉള്ളൂ.

ക്രിസ്തു മരിക്കാൻ വേണ്ടി ജനിച്ചു എന്നതുപോലെ ഒരു വ്യക്തി മരിക്കാൻ വേണ്ടി സന്യാസപൗരോഹിത്യം സ്വീകരിക്കുമ്പോൾ അവൻ ക്രിസ്തുശിഷ്യനാകുന്നു. സാഹസികതയാണ് ഈ യാത്ര എങ്കിലും ലോകത്തെ ശുദ്ധീകരിക്കുവാൻ ഉള്ള അഗ്നി ഈ സാഹസികത മാത്രമാണ്.

**ഫാ. ജോസഫ് അറക്കപ്പറമ്പിൽ:** ആദ്യം തന്നെ ഈ ലോകത്തിൽ ഒത്തിരിയേറെ വെല്ലുവിളികൾ വൈദീകർ നേരിടണമെന്നും

ഭാവിയിൽ അവ കൂടുതൽ സങ്കീർണ്ണമാകുമെന്നുമുള്ള തിരിച്ചറിവിലേക്ക് കടന്നുവരിക. സ്വന്തം കഴിവിലും ബുദ്ധിയിലും ആശ്രയിക്കുന്നതിനേക്കാൾ കൂടുതൽ ദൈവത്തിലും അവിടുത്തെ അനന്ത ശക്തിയിലും ആശ്രയിക്കുക, ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തോട് വിശ്വസ്തത പുലർത്തുക, പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം കണ്ടെത്തുക. ധൂർത്തിൽ നിന്നും ആഡംബരങ്ങളിൽ നിന്നും ഓടിയകന്ന് എളിയവരിൽ എളിയവനായി അനേകരുടെ നന്മക്ക് കാരണമാവുക.

**ഫാ. ജോൺ മുണ്ടയ്ക്കൽ:** "Jesus Christ is the Same yesterday and today and forever" (Heb. 13:8). അമ്പതുവർഷം "ഒരു പുരോഹിതൻ" അരനൂറ്റാണ്ടുകാലം! ഈ കാലയളവിൽ എന്തെല്ലാം പുതിയ പ്രശ്നങ്ങളും, ജീവിതരീതികളും, വെല്ലുവിളികളും രൂപം കൊണ്ടു. പൗരോഹിത്യത്തേയും അതിന്റെ പ്രാധാന്യത്തേയും ചോദ്യം ചെയ്യപ്പെടുന്നൊരു കാലം! ഇങ്ങനെയുള്ള ഈ കാലത്ത് ഒരു പുരോഹിതനായിരിക്കുകയെന്നതുതന്നെ ഒരു വലിയ വെല്ലുവിളിയാണ്. എന്നാൽ ലോകം എത്ര മാറിയാലും ക്രിസ്തുവും ക്രിസ്തുസന്ദേശവും അന്നും ഇന്നും ഒന്നുതന്നെ. എന്നിരുന്നാലും ഒരു പുരോഹിതൻ എന്നും അദ്ദേഹമായിരിക്കുന്ന സഭയിലും, സഭാധികാരികളോടും കൂടെ ഒന്നായിരിക്കണം. അവർ ലോകവ്യതിയാനങ്ങളിൽ ശ്രദ്ധാലുക്കളും, വിവേകത്തോടും, കാരുണ്യത്തോടും കൂടി പെരുമാറുന്നവരും, പ്രവർത്തിക്കുന്നവരുമാകണം. കാര്യങ്ങൾ അവധാനപൂർവ്വം പഠിച്ചും, വേണ്ട വിധത്തിൽ ആലോചിച്ചും, പ്രാർത്ഥിച്ചും പരിചിന്തനം ചെയ്തും വേണം പ്രാവർത്തികമാക്കാൻ. മറ്റൊരു ക്രിസ്തുവായ് മാറണം ആത്മഗുരുവായ ക്രിസ്തുവിനെ ആത്മാർത്ഥമായും സജീവമായും പ്രതിനിധാനം ചെയ്യണം. "I am convinced that a priest should have no fear of being 'Behind the times', because the human 'today' of every priest is included in the today' of Christ the Redeemes. For every priest in every age, the greatest task is each day to discovers his own priestly 'today' in the today of Christ! (St. Pope John Paul II)

**ഫാ. ജോർജ്ജ് ജേക്കബ് പൂതക്കുഴി:** 50 വർഷത്തെ പൗരോഹിത്യ അനുഗ്രഹങ്ങൾക്ക്, ദൈവത്തിന് നന്ദി, കരുണയ്ക്ക് നന്ദി. ദൈവത്തിന്റെ കൃപയ്ക്ക് നന്ദി പറഞ്ഞാൽ തീരില്ല. ഒരിക്കലും തീരാത്ത നന്ദി ദൈവത്തിന് കൊടുക്കുന്നു. നമ്മുടെ പാപങ്ങളും, തെറ്റുകളും, കുറ്റങ്ങളും, പോരായ്മകളും, പരിമിതികളും ക്ഷമിച്ച് 50 വർഷം ദൈവം നമ്മെ നയിച്ചു. വലിയ ദൈവകരുണയ്ക്ക് നന്ദി.

**ഫാ. ജോസഫ് പുളിന്താനം:** പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലിയും സന്യാസസമർപ്പണത്തിന്റെ ജൂബിലിയുമൊക്കെ പലരും നോക്കികാണുന്നത് വലിയ ആഘോഷത്തിന്റെ അവസരമായിട്ടാണ്. ഇതത്ര ശരിയാണെന്ന് തോന്നുന്നില്ല. ജൂബിലികൾ ആത്മശോധനയുടേയും, തിരിഞ്ഞു നോട്ടത്തിന്റേയും, നന്ദി പ്രകാശനത്തിന്റേയും, വന്നുപോയ പാളിച്ചകളെപ്പറ്റിയുള്ള പരിതപിക്കലിന്റേയും, പ്രാർത്ഥനയുടേയുമൊക്കെ അവസരങ്ങളാകണം.

'Be little, Serve the Little' എന്ന സന്ദേശം നമ്മുടെ സഭയുടെ Charism ആണ്. നമ്മുടെ മദ്ധ്യസ്ഥയുടെ പേരിലും പ്രശസ്തിയിലും ചെറുമയുടെ തുടിപ്പുകളുണ്ട്. ചെറുതാണ് ചേതോഹരം എന്ന സത്യം അവളെ ആഴത്തിൽ സ്വാധീനിച്ചു. ചെറുപ്പത്തിൽ തന്നെ മരിച്ച വിശുദ്ധ, എത്ര നാൾ ജീവിക്കുന്നു എന്നുള്ളതല്ല എങ്ങനെ ജീവിക്കുന്നു എന്നുള്ളതാണ് സർവ്വപ്രധാനമെന്ന് ലോകത്തെ പഠിപ്പിച്ചു. ചെറിയ ചെറിയ കാര്യങ്ങൾ അതിന്റെ പൂർണ്ണതയിൽ ചെയ്താണ് ചെറുപുഷ്പം വിശുദ്ധിയുടെ അത്യുച്ചിയിൽ എത്തിയത്. "കളിപ്പന്ത്", "ചെറിയ ആത്മാവ്", "ചെറുപുഷ്പം", "കുഞ്ഞാറ്റക്കിളി", ''മണൽത്തരി'' എന്നിങ്ങനെയൊക്കെയാണ് അവൾ സ്വയം വിശേഷിപ്പിച്ചിരുന്നത്.

തന്റെ ഇല്ലായ്മയിലും, വല്ലായ്മയിലും, പരിമിതികളിലും, പരാജയങ്ങളിലും, വീഴ്ചകളിലും, താഴ്ചകളിലും, അവൾ നഷ്ടധൈര്യയായില്ല. "തീരെ കുഞ്ഞായിട്ടുള്ളവർ എന്റെ അടുക്കൽ വരട്ടെ'' എന്ന ദൈവവചനം അവൾക്ക് വഴികാട്ടി ആയി. "Be Little" എന്നതിന്റെ അർത്ഥം ഇതായിരിക്കാം.

കോവിഡും, കൊറോണയുമൊക്കെ മനുഷ്യരാശിയെ ചെറുതാക്കിക്കൊണ്ടിരിക്കുന്നു. ചെറുപുഷ്പത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് നമുക്ക് ചെറിയവരുടെ പക്ഷം ചേരാം. അവരോട് കരുണ കാണിക്കാം.

എന്റെ സഹപാഠികളായിരുന്ന കൂട്ടുകാർക്ക് സ്നേഹം നിറഞ്ഞ ജൂബിലി ആശംസകൾ. ◆

# GENERALATE NEWS

On 06 January 2020 all our nine New Priests from four Provinces celebrated their First Holy Mass in the Generalate Chapel in the evening.

The Annual Retreat for our Fathers was conducted in the Generalate on 19 - 24, January in which 42 CST Priests participated. Fr. Augustine Mulloor OCD, the Provincial Superior, OCD Fathers, Manjummal was the Preacher.

Fr. Francis Kilivallickal, Fr. Antony Kannampilly and Fr. Joseph Munduparambil participated in the blessing Ceremony of Cherupushpashram, Kurumassery on 30 January at 03.00 pm and Holy Mass.

14 CST Fathers involved in the Project: *The History of Little Flower Congregation* gathered together for the Review Meeting at Generalate on 30-31 January and 28-29 February 2020. The First Draft has been prepared and editorial works are going on. Due to Covid 19 outbreak common meetings are postponed.

Fr. James Purathail participated in the Silver Jubilee Celebrations of Little Flower School School, Kalwari on 02 February. Fathers Baiju Kannampilly and Fr. Jose Manjiyil participated in the Golden Jubilee Celebrations of Bikaner Boys School on 04 February 2020.

There was the Diamond Jubilee Celebration (Sixtieth Year of the Priestly Ordination) of Mar Dominic Kokkatt CST at Generalate on 02 February. Mar Dominic was the main Celebrant of the Holy Mass at 06.30 am. On behalf of the Community, Fr. Francis Kilivallickal congratulated the Bishop at the beginning of the Holy Mass. Fathers John Vadakkel and Saji Nellikunnel from Little Flower Seminary, Aluva were co-celebrants with the Bishop. Cake and Souvenir were distributed to all after the Holy Mass.

On 08 February, Fr. Francis Kilivallickal celebrated Holy Mass in memory of Very Rev. Fr Basilius Panat, our Founder at St. Thomas Church, Kizhakkumuri. On 11 February Fathers from

the Generalate participated in the Celebrations on the 129th Birthday of Fr. Basilius and the Seventh Anniversary of Fr. Basilius Panat CST Charitable Foundation at Basil Bhavan, Mookkannur at 04.00 pm. Mar Antony Kariyil, Metropolitan Vicar, was the Chief Guest. There were many dignitaries and people for the function.

Fathers participated in the blessing ceremony of the new Block of Sanjeevani Ashram, Shanthi Nagar, Panamukku, Thrissur on 16 February at 05.00 pm. Archbishop Emeritus Mar Jacob Thoomkuzhy was the Main Celebrant of the Holy Mass and the Blessing Ceremony.

Fr. Francis Kilivallickal, Fr. Antony Kannampilly, and Fr. Joseph Munduparambil participated in the Priest Meeting and the Celebration of Silver Jubilee of the Priestly Ordination of Fr. Joy Madassery at St. Joseph's Provincial House, Aluva on 22 February at 09.30 am to 01.30 pm.

Fr. Baiju Kannampilly made canonical visitation at Little Flower Novitiate House, Abohar and Francis Kilivallickal made canonical visitation at the Ashrams and Institutions of St. Joseph's Province, Aluva and St. Thomas Province, Kozhikode.

We had the Thanksgiving Holy Mass in the Generalate on 23 February at 06.30 am on the occasion of Silver Jubilee of Priestly Ordination of Fr. George Alukka, Fr. Cyriac Kochalumkal, Fr. Abraham Kottanelloor and Fr. Joy Madassery.

On March 05 There was a Monthly Recollection arranged in the Generalate at 06.30 pm in which altogether 12 Fathers from the Generalate, Little Flower Seminary, St. Joseph's Provincial House, Snehalayam, Aluva, and Khristu Jyoti Mission Seminary, Mudickal participated. Fr. Jossy Puthuparambil guided the Monthly Recollection by giving a talk on Lenten Season. On March 06 there was a Spiritual Talk by Bro. James from Messiah Ministry and solemn recitation of the way of the cross in preparation for the Lent.

Fathers participated in the functions of the inauguration of the Diamond Jubilee Celebrations of Little Flower Seminary, Aluva

on 12 March at 10.30 am which was presided by Mar Mathew Vaniyakizhakkel VC, Bishop Emeritus, Eparchy of Satna.

On 19 March as the the Feast of St. Joseph we felicitated all the Fathers bearing the name of the Saint and Fr. Antony Kannampilly blessed modified and furnished auditorium at Little Flower Press, Thrikkakara.

Bro. Sachin Cheppukalayil, Regent, was given a Send Off on 21 March at Basilius Boys Home, with felicitations and lunch.

The Fathers and Dignitaries visited our Generalate during these days were:

Mar Dominic Kokkatt, Mar Joseph Pamplany, Mar Tony Neelamkavil, Mar James Athikkalam, Mar Thomas Thuruthimattam, Fr. Bibin Mukkadackal, Fr. Binesh Narimattathil, Fr. Febin Puthumana, Fr. Babychan Tholanickal, Fr. Philip Kallamplackal, Fr. Jiby Njaralakkattukunnel, Fr. Joji Nayath, Fr. Thomas Thandappilly, Fr. Jordin Kochumuttam, Fr. Shimmy Vayalil, Fr. George Villamthanam and Fr. George Aranchery.

Due to Covid 19 and consequent Lock down, all the Programmes scheduled to be conducted have been postponed or cancelled since 22 March. We followed - *STAY HOME, STAY SAFE.* ◆

**COVID 19 – LESSONS**

For those who survive this pandemic, which should be 99% of the humanity, this will not be the end. For them, the post-Covid-19 world will bring lasting changes that would have been considered impossible earlier. The virus and state-imposed lockdowns have wrought changes that are not just temporary. They will change the world as we have known it most of our lives. We need to learn from the lessons already arising from the disease and shutdowns, and adopt changes that will take us to a better world.

# ALUVA TIDINGS

## RECTORS DAY

13 November was a stunning day for our community, as our dear Fr. Rector was celebrating his feast. Morning we had a solemn Holy Mass and Rev. Fr. Provincial Superior from St. Joseph Province was also present. There was a throw-ball competition among the batches and Third year Philosophers won the match. In the evening we had a prayer session at Fr. Emmanuel Arackathottam Auditorium which was followed by a cultural evening. Rev. Fr. Jojo Varakukalayil CST felicitated Fr. Rector and we concluded the Rector's Day by the delicious dinner.

## FAMILY 2K19

27 and 28 November have been most memorable days for Second year Philosophers as well as for the entire Little Flower Family as we had the parents' day of the second year brothers. On 27 the having a cup of tea all of us gathered in the auditorium for an introduction session with the staff members. The staff members introduced themselves and by 6:30 we had the prayer session conducted by Third year brothers. At 8:00pm we gathered in the basketball court for the dinner. And after the dinner we had a cultural evening including the programs of our parents. 28 began with a solemn Holy Mass celebrated by Fr. Rector. Thereafter we had our breakfast and we gathered in the Auditorium for one-hour orientation talk by Rev.Fr. Augustin Pamplany CST. He spoke about the role of parents in the formation of seminarians. We were lucky to get such an experienced speaker and we enjoyed his class together with our parents. Finally, there was an interaction session with our parents and in between we met Fr. Rector and the respective Fr. Animators with our parents. And with lunch Family 2k19 came to an end.

## CANONICAL VISITATION OF FR. GENERAL.

The official canonical visit of the year 2019-2020 began on 3 December, 2019, with Holy Mass. We also celebrated the feast of Fr General on the same day. The official canonical visit lasted till 14 December. Fr General met each and everyone in the seminary. Fr General also met all the non-CST brothers on 12$^{th}$ of December. On 14 our canonical visitation came to an end by the blessing of Very Rev. Fr. General.

## MERRY CHRISTMAS

The Christmas celebrations in the Seminary and in the Institute were colored by different programs and the distribution of cakes. In the seminary celebrations were held on 19 December evening. That evening was brightened by tableau competition, gift exchanging, street play, and Fr. Rector's Christmas message and a delicious Christmas meal. In the Institute the program was held on 21 of December morning. The center of attraction of the day was carol singing competition. There was also cake cutting and Rev. Fr. Abraham Valliyamthadathil CST gave the Christmas message. On 24 December at 11:45 pm we had the Christmas Solemn Holy Mass. Thereafter we cut the cake in the portico of the Chapel.

## VACATION BEGAN…...

The non-CST brothers departed for vacation to their respective places on 22 December and the CST brothers departed on 25 December after the breakfast. We had a good time with our families and we came back to the Seminary on 5 January.

## A DAY WITH NEW PRIEST

"A Priest is one who lives solely in the realm of the invisible, for whom all that is visible has only the truth of an allegory." It was a matter of great proud and fulfillment for our community to have the presence of our nine CST Banjamin Priests. Their presence was really an inspiration for all of us on account of the fact that they were here few years back, one like us. On 7 January, we came together around the Eucharistic Table and celebrated with one mind and spirit the paschal mysteries of

our Saviour. We specially prayed to the Lord to be forever the sole source of joy in their newly begun life. We congratulated them for firm commitment and obedient submission to the will of God the Father. In the evening we had a friendly basketball match between LFS Team and New Priests, the former grabbing the victory.

**PHILOSOPHER'S DAY**

LFS community had its Philosopher's Day Celebration on 09 January. The celebrations started with the Holy Mass followed by the talk on the relevance of the day. As the symbol of nurturing of our hearts in search of wisdom Fr. Jojo Varakukalyil CST, the president of LIPAR inaugurated the day by lifting up multi-colored balloons into the skies. After this we had a talk by Dr. Thomas Panakalam, the HOD of Malayalam department, Bharata Mata Collage, Thrikakara. He spoke on "Religion, Politics, and Nationalism. In the afternoon the students had batch wise basketball match in which the second years came out as winners.

**SUPERIORS' MEET**

Superiors' meet was held on 16th January, 2020. The meeting started at 11 am. Fr. Rector and Superiors of the non-CST seminarians were present at the meeting. Fr. Antony Kannampilly CST, the Vicar General of Little Flower Congregation gave the message. Fr. Jojo Varakukalayil CST presented the dynamism of the seminary. After the lunch the Superiors met their brothers residing in our seminary.

**JOINING OF FR. AUGUSTINE PAMPLANY**

Fr. Augustine Pamplany was appointed as the Director and Co-ordinator of the Research Center of Little Flower Institute of Philosophy and Religion. He occupied his office on 29 January, 2020. The entire community was in a mood of joy and Fr. Rector welcomed Fr. Augustine Pamplany to LF Seminary community.

**REPUBLIC DAY AND THE END OF THE CULTURAL ACADEMY**

LFS celebrated the republic day with a solemn High Mass.

Thereafter the Rev. Fr. Rector hoisted the flag. One of the First Year brothers delivered a speech based on the importance of Republic Day in the context of the present situation of our mother land.

**TALENT BOX IS CLOSED FOR THIS YEAR.**

This year's cultural academy came to an end on 25 January. On 25 morning we had a closing ceremony and programs were done by all the batches. First Years had done a marvelous Punjabi bhangra, Second Years came with a melodious song, and Third Years had done a wonderful skit. After that Rev. Fr Manjush gave a small message to brothers and the prizes for the winners of the annual competitions were distributed. In the evening Pala Communications staged the drama 'JEEVITHAM MUTHAL JEEVITHAM VARE'. Many Fathers, Sisters, Brothers, and our neighbors were here to watch the drama.

**EXAM MANIA**

It is written "bend of the road is not an end of the road." Exams are not the end but an opportunity to look backward to assess the fruits of one's wisdom pursuits. We had a tough time of exams in the Seminary from the very commencement of 2020. Second Year Philosophy students were busy with their University Examinations during January and February. Third Year Philosophers had their comprehensive examinations completed on March 07. Meanwhile, First and Second Years did their semester exams, thereby marking the end of the scholastic year.

**FEAST DAY**

January 20, being the feast day of St. Sebastian, was a day of blessing and elation for the whole Church as well as for the Little Flower Family as our beloved Fr. Shabin Karakunnel, bearing the name of the saint celebrated his feast day. The celebration began with the Holy Eucharist thanking the Good Lord for the gift of Fr. Shabin and supplicating for his intensions. However, we had to put off the further celebrations on account of the absence of many fathers who were away to Thrikakara

for the Annual Retreat. Soon after their return, we celebrated it with due solemnity on 03 February. We extended him cordial festal greetings with wishing songs and speech. Fr. Rector acknowledged with gratitude the valuable services he is rendering both to the Seminary and to the Church in different capacities. The celebration saw the end as Fr. Shabin expressed his deep sentiments of gratitude to all the fathers and brothers for the filial love towards him.

**FARE YOU WELL**

“Love knows not its depth until the hour of separation”. Under the pain of the loss of his beloved the poet was able to pen nothing but these words. We the LFS Family was in fact reiterating these words as we bid adieu to our beloved Third Years who had been here in the lap of LFS for the last three years in pursuit of wisdom. As the line “every end has a beginning” rightly implies, their end here marks a greater beginning elsewhere as Regents.

കൊറോണ വൈറസിന്റെ മനുഷ്യനിലേക്കുള്ള കടന്നുവരവ് ലോകം മുഴുവൻ വ്യാപിച്ചെങ്കിലും ഒരു കത്തോലിക്കാ സന്യാസ പുരോഹിതൻ എന്ന നിലയിൽ ക്രൈസ്തവമതവിശ്വാസത്തെ ഈ സാഹചര്യം എങ്ങനെ ബാധിക്കുന്നുവെന്ന് ചിന്തിക്കാൻ ആഗ്രഹിക്കുന്നു. വൈറസ് വ്യാപനം ലോകത്തെ മുഴുവൻ തുല്യദു:ഖിതരാക്കിയെങ്കിലും ക്രൈസ്തവരായ നമ്മോട് അവയ്ക്ക് പ്രത്യേകമായി എന്തോ പറയാൻ ഉള്ളതുപോലെ തോന്നുന്നു. കാരണം വൈറസ് ആക്രമണം ഏറ്റവുമധികം ബാധിച്ചത് അമേരിക്ക, യൂറോപ്പ് ഉൾപ്പെടുന്ന രാജ്യങ്ങളിലാണ്. ഒപ്പം വൈറസ് വ്യാപനം തടയാൻ ഒട്ടുമിക്ക രാജ്യങ്ങളും ലോക്ക്ഡൗൺ ഒരു പ്രതിവിധിയായി കണ്ടപ്പോൾ ഏതു മതവിശ്വാസികളെക്കാൾ ബാധിച്ചത് നമ്മെ തന്നെയാണ്. കാരണം ക്രൈസ്തവ ആധ്യാത്മികതയുടെ മർമപ്രധാനമായ 50 നോമ്പ് കാലത്ത് പ്രത്യേകിച്ച് ക്രിസ്തുവിന്റെ പീഡാനുഭവ ഉത്ഥാനത്തെ അനുസ്മരിക്കേണ്ട വിശുദ്ധ വാരത്തിൽ ദേവാലയ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ കഴിയാതെ ഭവനങ്ങളിൽ ആയിരിക്കുമ്പോൾ ഈ കൊറോണ വൈറസ്സിലൂടെ ദൈവത്തിന് നമ്മോട് എന്തോ പറയാനുണ്ടെന്ന് തോന്നിപ്പോകുന്നു. ഏതു നാശത്തിലും തകർച്ചയിലും നിന്ന് നന്മയുടെ ഫലം കൊയ്യുന്ന ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ അല്പം ഗൗരവമായി ഈ വൈറസ് ആക്രമണത്തെ നോക്കിക്കാണാം.

ഈ ലോക്ക്ഡൗൺ കാലത്ത് നടത്തിയ പല ഫോൺ വിളികളും ചാറ്റിങ്ങിലുമെല്ലാം എല്ലാ ദിവസവും മുടങ്ങാതെ ദേവാലയത്തിൽ പോയിക്കൊണ്ടിരുന്നവരും, ഞായറാഴ്ചകളിൽ മുടക്കം വരുത്താതിരുന്നവരൊക്കെ സങ്കടത്തോടെ പറയുന്നു: "പള്ളിയിൽ പോകാൻ സാധിക്കാത്തത്കൊണ്ട് ഒരു സുഖമില്ല." ഇത് വൈകാരികമായ വാക്കുകൾ ആയി കണ്ടാൽപോലും അപ്രകാരം തോന്നുന്നവർ ആ ചിന്തയെ അല്പം കൂടി ആഴത്തിൽ ധ്യാനിക്കാൻ തയ്യാറാകേണ്ടതാണ്. ഒരു ക്രൈസ്തവന് തന്റെ ദൈവത്തെ തിരിച്ചറിയാനുള്ള വേദിയാണ് ദേവാലയവും ഭക്താഭ്യാസങ്ങളുമൊക്കെ. ഈ തിരിച്ചറിവിലേക്ക് വിശ്വാസികളെ സഹായിക്കുകയെന്നതാണ് സഭയുടെ ലക്ഷ്യം. എന്നാൽ അനേക വർഷങ്ങളായി ഈ വഴികളിലൂടെ നടന്നിട്ടും എന്റെ ഉള്ളിലെ, അപരനിലെ ദൈവത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ ഈ വേദികൾ കുറച്ചു നാളത്തേക്ക് മാറ്റപ്പെടുമ്പോൾ ഞാൻ അസ്വസ്ഥനാകുന്നെങ്കിൽ അതെന്റെ ആത്മീയ ശോഷണത്തിന്റെ ലക്ഷണമായി കരുതാം. എന്നാൽ സഭയിൽ നിന്ന് അകന്ന് ജീവിക്കുന്നവരും വിശ്വാസികളെ കുറ്റപ്പെടുത്തുന്നവരും ഈ അവസരം ആഘോഷമാക്കുന്ന കമന്റുകൾ ശ്രദ്ധയിൽപ്പെട്ടു. സഭയിലെ ഏതെങ്കിലും വ്യക്തികളോട് വിരോധം ഉള്ളവരും സഭയുടെ നിയമങ്ങളോട് വിധേയപ്പെടാനുള്ള എളിമക്കുറവുള്ളവരുമൊക്കെ ദൈവത്തെ തിരിച്ചറിഞ്ഞ് സ്വന്തമാക്കി എന്ന് വിശ്വസിക്കുക പ്രയാസം തന്നെ. ധ്യാന ഗുരുക്കന്മാരെ കളിയാക്കുകയും അവരുടെ ശുശ്രൂഷകളെ അളക്കാൻ അളവു കോലുമായി ഇറങ്ങിത്തിരിച്ചവരും ഈ അവസരത്തിൽ കാണപ്പെടുന്നുണ്ട്. ഈ കളിയാക്കൽ സുവിശേഷാധിഷ്ഠിതമാണോയെന്ന് ചിന്തിക്കാൻ ഇക്കൂട്ടർ ശ്രമിച്ചിട്ടുണ്ടോ? തന്റെ മുമ്പിൽ വന്ന ഒരാളെപ്പോലും വെറും കൈയോടെ പറഞ്ഞയയ്ക്കാതെ അവർക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിച്ച ക്രിസ്തു തന്റെ കാര്യം വന്നപ്പോൾ യാതൊരു അത്ഭുതത്തിനും മുതിർന്നില്ല. ഇന്ന് കളിയാക്കാൻ ഉപയോഗിച്ച അതേ വാക്കുകൾ അന്നും ഉയർന്നിരുന്നു: "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്തന്നെ രക്ഷിക്കാൻ ഇവന് സാധിക്കുന്നില്ലല്ലോ?" (മത്തായി 27:42) ചില അവസരങ്ങളിലെങ്കിലും ദൈവത്തിന്റെ മൗനത്തിന്റെ ആഴം അളക്കാൻ ഇക്കൂട്ടർക്കാകട്ടെ. ഈ ഒരു ആത്മീയ പ്രതിസന്ധി ധ്യാനഗുരുക്കന്മാരെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവത്തിന് പ്രവർത്തിക്കുവാനുള്ള അവസരം സൃഷ്ടിക്കുകയാണ് അവരുടെ കടമ. അതിനാൽ ദൈവം പ്രവർത്തിക്കുന്ന വേളകളിൽ

ക്രെഡിറ്റ് സ്വയം ഏറ്റെടുക്കാതെ ദൈവത്തിന് ലഭിച്ചുവെന്ന് അവർ ഉറപ്പുവരുത്തേണ്ടതുണ്ട്.

ഇതുപോലുള്ള ഒരു ലോക്ക്ഡൗൺ നൂറ്റാണ്ടുകളായി നമ്മുടെ നാട്ടിൽ സംഭവിച്ചിട്ടില്ല എന്ന് പറയുമ്പോഴും ഓർക്കുക വാർദ്ധക്യാവസ്ഥയിൽ ദേവാലയത്തിൽ പോകാൻ കഴിയാത്തവർ ലോക്ക്ഡൗണിലാണ്, രോഗികളായി ഭവനത്തിൽ ആയിരിക്കുന്നവരും ഈ അവസ്ഥയിൽ തന്നെ. അതുകൊണ്ട് നമ്മുടെ ജീവിതങ്ങളിൽ പലവിധത്തിൽ ഇവ നടപ്പാക്കപ്പെടുന്നുണ്ട്. വിശ്വാസജീവിതവുമായി ബന്ധപ്പെട്ട പല കാര്യങ്ങൾക്ക് പരിമിതിയുണ്ടെന്ന് ഈ ദിവസങ്ങൾ നമ്മെ പഠിപ്പിച്ചു. ദേവാലയങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഭക്താഭ്യാസങ്ങൾ ഇവയൊക്കെ വിശ്വാസികൾ നമ്മൾ കൊണ്ടുവന്നതുകൊണ്ട് അവയൊക്കെ പരിമിതങ്ങളാണ്. എന്നാൽ ദൈവത്തിലുള്ള വിശ്വാസം ഇവയ്ക്കെല്ലാം മുകളിൽ സൂര്യൻ ഉദിച്ചു നിൽക്കുന്ന പോലെ നിൽക്കണം. ഈ ലോക്ക്ഡൗൺ കാലമൊരു 'അരങ്ങേറ്റ'ത്തിന് സാമ്യമാണ്. ഇക്കാലമത്രയും അഭ്യസിച്ച വിശ്വാസപരിശീലനം ജീവക്കേണ്ട, ലോകത്തിനു മുമ്പിൽ കാണിക്കേണ്ട സമയം.

'കുടുംബം ഗാർഹിക സഭയാണ്' എന്ന സഭാ പഠനത്തിന്റെ അർത്ഥം ഇപ്പോൾ വെളിപ്പെട്ട് കിട്ടുന്നുണ്ട്. ചില രൂപതകളിൽ ഈ വർഷം കുടുംബവർഷമായി ആചരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി രൂപത സംഘടിപ്പിച്ച പല പരിപാടികളുടെയും ലക്ഷ്യം ഈ ദിവസങ്ങളിൽ തന്നെ നമ്മുടെ കുടുംബങ്ങൾ നേടിക്കഴിഞ്ഞു. കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ച് പ്രാർത്ഥിക്കുകയും ഭക്ഷിക്കുകയും ജോലി ചെയ്യുകയും ഉല്ലസിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. ഇക്കാലമത്രയും ദേവാലയങ്ങളിൽ നടന്ന ശുശ്രൂഷകൾ പലതും ഇന്ന് ഭവനങ്ങളിൽ അനുഷ്ഠിക്കപ്പെടുമ്പോൾ ഭവനങ്ങൾ ദേവാലയങ്ങളായി മാറുന്നു.

ഞാൻ ഉറച്ചു വിശ്വസിക്കുന്നു: ദൈവത്തിന് ഈ കൊറോണ വ്യാപനത്തിലൂടെ നമ്മോട് എന്തോ സംസാരിക്കാനുണ്ട്. ജീവിതവ്യഗ്രതകൾ ഇല്ലാതെ ആയിരിക്കാനും കുടുംബങ്ങളിലേക്ക് സ്നേഹവുമായി കടന്നുചെല്ലാനുമൊക്കെയുള്ള അവസരങ്ങളായി മാറിയിരിക്കുന്നു ഈ ദിനങ്ങൾ. വൈറസ് വ്യാപനത്തിനെതിരായി എല്ലാ മുൻകരുതലുകൾക്കും ശ്രദ്ധ കൊടുക്കുന്നതോടൊപ്പം ഈ ദിനങ്ങളിൽ ദൈവത്തിന്റെ ചില അരുളപ്പാടുകൾക്ക് കൂടി കാതോർക്കാം. അങ്ങനെ ക്രിസ്തുവിനോടൊപ്പം നമുക്കും ഉയിർത്തെഴുന്നേൽക്കാം. ◆

# ഒരു ഓഫർകാലത്തിന്റെ ഓർമ്മയ്ക്ക് !

ബ്ര. ടിന്റോ കൊല്ലംപറമ്പിൽ CST

2019 ന്റെ സാങ്കേതിക വിദ്യയിലേക്ക് ഞാൻ നോക്കുമ്പോൾ അത്ഭുതപ്പെടുകയാണ്. വളർച്ചയും, തളർച്ചയും, തകർച്ചയുമൊക്കെ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണെന്ന് പലപ്പോഴും ചിന്തിച്ചു പോവുകയാണ്. ഇവിടെ മാറാനും മാറ്റാനുമുള്ള ചിന്തയിലാണ് പലരും. മാറ്റങ്ങൾ സൃഷ്ടിക്കാൻ ഓഫറുകൾ നിരത്തുന്നത് ഇന്നത്തെ വിപണിയുടെ പ്രത്യേകതയാണ്. ഓഫറുകൾ എന്നു കേട്ടാൽ ചാടിവീഴുന്നവരാണ് നമ്മിൽ പലരും. ഈ അവസ്ഥയിൽ മാഞ്ഞുപോയ ഒരു ഓഫർകാലം നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ശ്രമിക്കുകയാണ്.

**ഉയരങ്ങളിൽ നിന്നും ഒരു ഓഫർ!**

BCയുടെ അവസാനമായപ്പോൾ പിതാവ് ഭൂമിക്ക് കൊടുത്ത ഒരു വലിയ ഓഫർ ഉണ്ട് - ക്രിസ്തു. അതൊരു സമ്മാനമായിരുന്നു. വിലകൂടാതെ നൽകപ്പെട്ട സ്വർഗ്ഗീയ ഓഫർ. ഒരു സംവത്സരത്തിന്റെ തന്നെ അനുഭവത്തിൽ പിതാവ് നമുക്ക് ഒരു ഓഫർ നൽകി. അത് നമ്മുടെ രക്ഷയ്ക്ക് വേണ്ടിയായിരുന്നു. ആ ഓഫറിന് വിലയിട്ടിരുന്നെങ്കിൽ നമ്മുടെ ജന്മമൊക്കെ പാഴായി പോയേനെയെന്ന് എനിക്ക് തോന്നുന്നു. പിതാവ് ആ ഓഫറിന് വിലയിട്ടില്ല. കാരണം, ആ ഓഫർ തന്റെ കരവലയത്തിനു പുറത്തുള്ള ഒരാൾക്കായിരുന്നില്ല എന്നതുകൊണ്ടാണ്. അത് നമുക്കായിരുന്നു. വർഷങ്ങളോളം നമ്മെ സ്നേഹിച്ച പിതാവിന്റെ മക്കളായ നമുക്കായിരുന്നു!

**ഓഫറിനെ കുറിച്ച് പരസ്യം കൊടുത്തവർ**

ഒരു ഓഫർ വിപണിയിൽ വരുമ്പോൾ അതിന്റെ പരസ്യങ്ങൾ നാം പല മേഖലകളിലും കണ്ടെത്തും. പരസ്യങ്ങളാണ് നമ്മെ ഓഫറിലേക്ക് എത്തിക്കുന്നത്. അത് വാങ്ങാൻ പ്രേരിപ്പിക്കുന്നതും. ഈ സ്വർഗ്ഗീയ ഓഫറിനെക്കുറിച്ച് പ്രസംഗിച്ച പല വ്യക്തികളും ഉണ്ട്. അവരിൽ ചിലരെ ഞാൻ പരിചയപ്പെടുത്താം.

**1. ഏശയ്യാ**

"എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു." (9:6)

**2. മോശ**

"നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽ നിന്ന് എന്നെപ്പോലെയുള്ള പ്രവാചകനെ നിനക്കു വേണ്ടി അയയ്ക്കും." (18:15)

**3. എസെക്കിയേൽ**

''എന്റെ ആലയം അവരുടെ മദ്ധ്യേ നിത്യമായി സ്ഥിതി ചെയ്യും."(37:27)

**4. ഹഗ്ഗായി**

"ഈ ആലയത്തിന്റെ പൂർവ്വ മഹത്വത്തെക്കാൾ ഉന്നതമായിരിക്കും വരാൻ പോകുന്ന മഹത്വം."(2:9)

**5. ഹോസിയ**

"ഈജിപ്റ്റിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചു."(11:1)

**6. മിക്കാ**

''ബേത്‌ലഹേം-എഫ്രാത്താ-യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേവിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്ന് പുറപ്പെടും."(5:2)

**7. സഖറിയ**

"ജറുസലേം പുത്രീ, ആർപ്പു വിളിക്കുക- ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു."(9:9)

**8. സ്നാപകയോഹന്നാൻ**

"ഞാൻ ജലം കൊണ്ട് സ്നാനം നൽകുന്നു. എന്നാൽ എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്ക് സ്നാനം നൽകും."(ലൂക്ക 3:16)

ക്രിസ്തുവിനായി പ്രവാചകന്മാർ പറഞ്ഞ പരസ്യവാചകങ്ങളാണ് ഇവയെല്ലാം. ഓരോ പ്രവാചകനും ഓഫറിന്റെ മൂല്യത്തെപ്പറ്റിയും അത് ലഭിക്കുന്ന സ്ഥലത്തെ പറ്റിയും പ്രവചിച്ചിരുന്നു!

**ഓഫർ പരസ്യം അറിഞ്ഞ് എത്തിയവർ**

മഹാത്ഭുതം ഭൂമിയിൽ അവതരിച്ചെന്നറിഞ്ഞ പലരും അവനെ കാണുവാൻ എത്തി; അറിയുവാനെത്തി. അവരിൽ ചിലർ:-

**1. ജ്ഞാനികൾ**

'കിഴക്ക് അവന്റെ നക്ഷത്രം കണ്ട് ആരാധിക്കാൻ വന്നവർ'' (മത്താ 2:2)

**2. ആട്ടിടയർ**

"ഭൂമിയിൽ ദൈവകൃപ ലഭിച്ചവർ." (ലൂക്ക 2:14)

**പിന്നീട് എത്തിയവർ**

**3. ശിഷ്യന്മാർ**

"തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു." (മർക്കോ 3:13)

**4. സക്കേവൂസ്**

"ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു." (ലൂക്ക 19:5)

**5. ശതാധിപൻ**

"ഈ മനുഷ്യൻ സത്യമായും നീതിമാനായിരുന്നു." (ലൂക്ക 23:47)

ഓരോരുത്തർക്കും അവരുടേതായ പ്രത്യേകതകൾ ഉണ്ട്. പലരും കിട്ടിയ ഓഫറിന്റെ മൂല്യം തിരിച്ചറിയുന്നത് വളരെ വൈകിയാണ്. പത്രോസിന്റെ ജീവിതം തന്നെ ഇതിനുദാഹരണം. പലരും പല രീതിയിൽ ഓഫർ കണ്ടെത്തി. മുടന്തർ, കുരുടർ, രക്തസ്രാവക്കാരി.... എന്നിങ്ങനെ നീളുന്നു ആ പട്ടിക. പക്ഷേ, ഇവരിൽ നിന്നും വ്യത്യസ്തമായി ബംബർ ഓഫർ അടിച്ച ഒരു വ്യക്തിയുണ്ട്. അത് മറ്റാരുമല്ല, നല്ല കള്ളൻ. അവന്റെ ഒറ്റ പ്രാർത്ഥനയിൽ അവന് യേശുവിനെയും കിട്ടി, സ്വർഗ്ഗവും കിട്ടി. മറ്റുള്ളവർക്കൊക്കെ ക്രിസ്തുവിനെ കിട്ടി. പക്ഷേ, പിന്നെയും കാതങ്ങൾ കാത്തിരിക്കേണ്ടി വന്നു- സ്വർഗ്ഗം പൂകാൻ വേണ്ടി!

**ഈ ഓഫറിന് ഇന്നത്തെ മൂല്യം**

'വിലയിടുക' എന്നത് നാം അനുദിന ജീവിതത്തിൽ കേൾക്കുന്ന വാക്കാണ്. 2019 വർഷങ്ങൾ ഇപ്പോൾ കഴിഞ്ഞു. പക്ഷേ, ക്രിസ്തുവിന് ഇന്ന് വലിയ മാർക്കറ്റാണ്. അവനെ കണ്ടെത്തുന്നവർക്ക് അവനെ പിരിയാൻ സാധിക്കുകയില്ല. കണ്ടെത്തൽ ഒരു തിരിച്ചറിവാണ്. തിരിച്ചറിവ് നമ്മെ പ്രകാശിതരാക്കുന്നു. ഓരോ വ്യക്തിയും ഈ ലോകത്തിൽ ജീവിക്കുന്നത് സ്വർഗ്ഗത്തിന്റെ ഈ ഓഫർ കണ്ടെത്താനും സ്വന്തമാക്കാനും വേണ്ടിയാണ്. ആർക്കും സ്വന്തമാക്കാനും തിരസ്ക്കരിക്കാനും പറ്റും. അങ്ങനെ സ്വന്തമാക്കിയവരൊക്കെ

വിശുദ്ധരായി. വിശുദ്ധരായവരൊക്കെ തിരസ്ക്കരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു.

സ്നേഹിതരെ, ഓഫറുകൾക്കു വേണ്ടി നാം അക്ഷമരായി കാത്തിരിക്കുന്നവരാണ്. സ്വന്തമാക്കാനും വെട്ടിപ്പിടിക്കാനും വെമ്പൽ കൊള്ളുന്ന ഈ ലോകത്തിൽ ദൈവം കൊടുത്തയച്ച ക്രിസ്തുവെന്ന ഓഫറിനോട് മാത്രം നാം 'NO' പറയരുത്. ഈ ഓഫറിന് ചുടുചോരയുടെ ഗന്ധമുണ്ട്. കണ്ണീരിന്റെ വിലയുണ്ട്. പ്രാർത്ഥനയുടെ ശക്തിയുണ്ട്. സഹനത്തിന്റെ ആത്മാവുണ്ട്. വേദനയുടെ നീറ്റലുണ്ട്. ഉയിർപ്പിലെ പുതുജീവനുണ്ട്, ഉത്ഥാനത്തിലെ മഹത്വമുണ്ട്. മുട്ടുന്നവന് തുറന്നു കൊടുക്കുന്ന ദൈവം നമ്മുടെ വാക്കുകൾക്ക് വേണ്ടി അക്ഷമനായി കാത്തിരിക്കുന്നു. ഈ ഉയിർപ്പുക്കാലം കർത്താവിന് വേണ്ടിയുള്ള ഒരു കാത്തിരിപ്പാണ്. നമ്മുടെ ഹൃദയങ്ങളിലേക്കിറങ്ങി വരാൻ കർത്താവ് വിരലിലെണ്ണുന്ന ദിനരാത്രങ്ങൾ! നമ്മുടെ ഹൃദയങ്ങളുടെ വാതിൽ കർത്താവിനായി തുറന്നിടാം... ഉത്ഥിതനായ യേശുക്രിസ്തു വാതിലുകൾ അടഞ്ഞു കിടക്കുമ്പോഴും (യോഹ 20:26) നമ്മുടെ ഉള്ളിൽ പ്രവേശിക്കുവാൻ ഉത്സുകനാണ്. വീണ്ടും വീണ്ടും അവൻ ഓഫറുകൾ വച്ചു നീട്ടുന്നു- "ഇതാ, യുഗാന്ത്യം വരെ എല്ലായ്പ്പോഴും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും."(മത്തായി- 28:20) ഈ മെഗാ ഓഫർ സസന്തോഷം സ്വീകരിക്കാം. ◆

## COVID 19 – MONEY LESSONS

1. Never take a loan you cannot afford to repay
2. Always have in place an adequate emergency fund
3. Do not rely only on your employer-provided health insurance plan
4. Prepare your Will and timely complete your nomination formalities
5. Diversify your investment portfolio to mitigate risks
6. Learn self reliance and use local resources as much as possible, promote agriculture and ecology.

# നന്ദി കോവിഡ്

നിനക്കോ എനിക്കോ ദൈവത്തെ ചിരിപ്പിക്കണം എന്ന ആഗ്രഹം ഉണ്ടോ? ഉണ്ടെങ്കിൽ ഒരു കാര്യം ചെയ്താൽ മതി. നിന്റെയോ എന്റെയോ ഈ വർഷത്തെ പ്ലാനുകൾ ദൈവത്തോട് പറഞ്ഞാൽ മതി. അതായത് ഈ വർഷം ഇന്നതൊക്കെ ചെയ്യണം എന്നാണ് ഞാൻ തീരുമാനിച്ചിരിക്കുന്നത് എന്ന് നാം ദൈവത്തെ അറിയിക്കുമ്പോൾ സത്യത്തിൽ ദൈവത്തിനു ചിരിവരും. ഇങ്ങനെ നമ്മുടെ കുറെ പ്ലാനുകൾ പൊട്ടിപ്പോയ ഒരു വർഷമായിരുന്നു 2020. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. എന്നാൽ നടപ്പിൽ വരുത്തുന്നത് ദൈവമത്രേ എന്ന് കേട്ടിട്ടുണ്ടോ? ലോക് ഡൗൺ സമയത്തെങ്കിലും അൽപനേരം ബൈബിൾ വായിച്ചാൽ എവിടെയാണെന്ന് മനസ്സിലാകും (Self troll ആണ് കേട്ടോ) മനുഷ്യന്റെ പദ്ധതികൾ പൊട്ടിപാളീസായ ചുരുക്കം ചില കാര്യങ്ങൾ അക്കമിട്ടു ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ.

1. ‘പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം’ എന്ന കവി വാചകത്തെ, സ്വാതന്ത്ര്യത്തേക്കാൽ നല്ലത് ചില പാരതന്ത്ര്യം ആണെന്ന് പുനർ വിചിന്തനം നടത്തുവാൻ ഈ ലോക്ഡൗൺ നമ്മെ സഹായിച്ചു. ചില സ്വാതന്ത്ര്യങ്ങൾ ആണ് നമ്മുടെ ജീവിത്തിലേക്ക് ചില വൈറസുകളെ കൊണ്ടുവരുന്നത് എന്ന് നാം പഠിച്ചു. തന്റെ യജമാനൻ തനിക്ക് ഓഫർ ചെയ്ത ഭക്ഷണങ്ങൾ നിരസിച്ചതിന്റെ പേരിൽ ശരീരത്തിന് വണ്ണം കുറഞ്ഞു കുറഞ്ഞു കുറഞ്ഞു ഒടുവിൽ ഇരുമ്പഴികൾക്കിടയിലൂടെ പുറത്തുകടന്ന് രക്ഷപ്പെട്ട സ്വാതന്ത്ര്യം നേടിയ ഒരു പക്ഷിയുടെ കഥ നമുക്ക് അറിയാവുന്നതല്ലേ? ചില സ്വാതന്ത്ര്യങ്ങൾ നേടണമെങ്കിൽ ചെറുതൊക്കെ സഹിക്കണം എന്ന് നാം പഠിച്ചില്ലേ?

2. പിന്നെ നമുക്ക് ഉണ്ടായ അനുഭവങ്ങൾ രസകരമായിരുന്നു. മദ്യം വില്പന നടത്താൻ അനുമതിയുണ്ട്, എന്നാൽ വാങ്ങിക്കാൻ അനുവാദമില്ല. മാളുകൾ തുറന്നു പ്രവർത്തിക്കാം. എന്നാൽ കുട്ടികൾക്കും മുതിർന്നവർക്കും പ്രവേശനമില്ല ബാർബർമാർക്ക് വീട്ടിൽവന്ന് മുടിവെട്ടാം, എന്നാൽ വഴിയിൽ കണ്ടാൽ പോലീസിന്റെ തല്ലു കിട്ടും. നിയമാനുസൃതമായ എല്ലാ കാര്യങ്ങളും എനിക്ക് അനുവദനീയമല്ല എന്ന് പൗലോസ് ശ്ലീഹ പറഞ്ഞതിലെ പൊരുൾ ഇപ്പോൾ അല്ലേ നമുക്ക് മനസ്സിലായത്. ചിരിക്കണ്ട, ഒന്നു ചിന്തിച്ചു നോക്കിയാൽ ശരിയാണെന്ന് മനസ്സിലാകും.

3. ചക്കക്കും ചക്കക്കുരുവിനും ഒക്കെ ഇത്രയുമധികം രുചി

ഉണ്ടെന്ന് മനസിലാക്കിയ കാലമായിരുന്നു ഇത്. ഇടിച്ചക്ക മുതൽ ചക്കക്കുരു ഷെയ്ക്ക് വരെ നമ്മൾ ഉണ്ടാക്കി. ഒടുവിൽ പ്ലാവിന്റെ ഇല എങ്കിലും തനിക്ക് കിട്ടിയാൽ മതി എന്ന ആടിന്റെ ദീനരോദനം വരെ നമ്മൾ കേട്ടുവോ? ഫാസ്റ്റ് ഫുഡും ജങ്ക് ഫുഡും ഇല്ലാതെയും എനിക്ക് ജീവിക്കാൻ പറ്റുമെന്ന് ന്യൂജെൻ കുട്ടികൾ തിരിച്ചറിഞ്ഞു. മാങ്ങാ കറിയും മാമ്പഴപുളിശ്ശേരിയും ചക്കപ്പഴവും ചക്കപ്പുഴുക്കും ചക്കക്കുരു ഷെയ്ക്കും ചക്കക്കുരു തോരനും ചക്ക തോരനും ചക്കക്കുരു മാങ്ങയും ഒടുവിൽ ചക്കയടയും താളും തകരയും ചേനയും ചേമ്പും കപ്പയും അടുക്കളയിൽ ഇടംപിടിച്ചു. ജീവിതത്തിൽ പ്രാധാന്യം അർഹിക്കാതെ കിടന്നിരുന്ന പലതിനും പ്രാധാന്യമുണ്ടെന്ന് നമുക്കു മനസ്സിലായി. ചില അടച്ചുപൂട്ടലുകൾ അല്ലേ നമുക്ക് ഇത്തരം ചില നിസാര കാര്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിതരുന്നത്.

4. തന്റെ മകളെ ഒന്ന് അടുത്ത് കാണാൻ കിട്ടുന്നില്ലെന്ന് വൃദ്ധ ദമ്പതികളുടെ പരാതികൾ തീർന്നു. അപ്പൂപ്പന്റെയും അമ്മയുടെയും അടുത്തിരുന്ന മുത്തശ്ശി കഥകൾ കേൾക്കുന്ന പഴയ ബാല്യം നമുക്ക് തിരിച്ചു കിട്ടി. മക്കളെ ശ്രദ്ധിക്കാൻ സമയം ഇല്ലാതെ അവരെ ഡേ കെയറിൽ ആക്കുന്ന ന്യൂജെൻ മമ്മിമാരും പപ്പാമാരും ഒന്നു മാറി. കുപ്പിപ്പാലിനു പകരം ഇപ്പോൾ അമ്മിഞ്ഞപ്പാല് തന്നെ കുട്ടികൾക്ക് കിട്ടുന്നുണ്ട് എന്നതിനെപ്രതി ദൈവത്തിനു നന്ദി.

5. ഇനിയുള്ള ഒരു കാര്യം നമ്മളെ സംബന്ധിച്ച് അതായത് നമ്മൾ വെള്ള വസ്ത്രധാരികളെ പറ്റി. തിളങ്ങുന്ന വസ്ത്രങ്ങളും ധരിച്ച് അൾത്താര ബാലന്മാരുടെ അകമ്പടിയോടുകൂടി തിരി കത്തിച്ച് പൂക്കൾ വച്ച് അലങ്കരിച്ച അൾത്താരയിൽ കയറി നിൽക്കുമ്പോൾ നമുക്കൊരു വിചാരം ഉണ്ടായിരുന്നു ജനങ്ങളെല്ലാം കാണാൻ വരുന്നത് എന്നെ ആണെന്ന്. അവിടെ ഏറ്റവും പ്രധാനം എന്റെ ശബ്ദമാധുര്യവും എന്റെ പ്രസംഗത്തിലെ ചാതുര്യവും എന്റെ പാട്ടിന്റെ വർണ്ണനയും എന്തിനേറെ എന്റെ ഹെയർസ്റ്റൈൽ വരെയാണെന്ന്. എന്നാൽ ഇന്ന് അൾത്താരയുടെ പിറകിൽ, സങ്കീർത്തിയിൽ ഒതുങ്ങിക്കൂടി ഒരു മെഴുകുതിരി വെട്ടത്തിന്റെ അകമ്പടിയിൽ ദൈവത്തെ മാത്രം സാക്ഷിനിർത്തി നാം കർത്താവിന്റെ ബലി അർപ്പിക്കുമ്പോൾ, അവിടെ കേന്ദ്രകഥാപാത്രം ഈശോ തന്നെയാണ്. അവിടെ എന്നെ ശ്രദ്ധിക്കാൻ ആരുമില്ല. എന്റെ തമ്പുരാൻ അല്ലാതെ. പണ്ട് ഞാൻ അർപ്പിച്ചിരുന്നത് എന്റെ കുർബാന ആയിരുന്നെങ്കിൽ ഇന്ന് ഞാൻ അർപ്പിക്കുന്നത് തമ്പുരാന്റെ ബലിയാണ്. ഫിലോസഫി പഠനകാലയളവിൽ നാം

പഠിച്ചിട്ടുണ്ട്, decentralization എന്ന് ഒരു കൺസപ്റ്റ്. ശരിക്കും അത് തന്നെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്. ഞാൻ ഇനി മുതൽ കേന്ദ്രകഥാപാത്രം അല്ല മറിച്ച് തമ്പുരാനാണത്.

6. പിന്നെ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യം, ഏതു പ്രശ്നം ഉണ്ടായപ്പോൾ പോലും ഏത് വിപണികൾ ആടി ഉലഞ്ഞപ്പോൾ പോലും,വില കുറയാതെ നിന്ന സ്വർണത്തെ കുറിച്ചാണ്. വാണിജ്യ ലോകത്തെ വമ്പന്മാരായ ക്രൂഡോയിൽ വില തകർന്നപ്പോൾ പോലും സ്വർണം തന്റെ തിളക്കത്തിന് ഒരു കുറവും വരുത്തിയില്ല. നമ്മുടെ ജീവിതവും ഇങ്ങനെ തന്നെ ആയിരിക്കണം. എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടായാലും, ഏതൊക്കെ പ്രതിസന്ധികളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും, ഒരിക്കലും വിലയിടിവ് സംഭവിക്കാത്ത ചില മൂല്യങ്ങൾ നമുക്കുണ്ടാവണം.

7. കത്തോലിക്കാ സഭയ്ക്ക് പള്ളികൾ മാത്രമല്ല ആശുപത്രികൾ കൂടി ഉള്ളതിന്റെ കാരണം ദൈവാരാധന നടക്കുന്നത് ഒരു സ്ഥലത്തു മാത്രമല്ല എന്ന് തെളിയിക്കാൻ ആയിരുന്നു. പിന്നെ നിങ്ങളുടെ ദൈവം എവിടെ എന്ന് ചോദിക്കുന്നവരോട്, നിങ്ങളുടെ സയൻസ് എവിടെ എന്ന് മറുചോദ്യം കൊണ്ട് ക്രിസ്തീയതയെ കുറിച്ച് ബോധം ഇല്ലാത്ത ക്രിസ്ത്യാനികൾക്കും പട്ടക്കാർക്കും രക്ഷപ്പെടാം എന്നുമാത്രം.

8. മൂന്നു നാല് ആഴ്ചകൊണ്ട് എത്ര പേരാണ് മുടിവെട്ടി പ്രാഗത്ഭ്യം തെളിയിച്ചത്? പലതരം മൊട്ടത്തലകളും മുടി വെട്ടുകാരും പിറവിയെടുത്ത ലോക്ഡൗൺ. ചില ആവശ്യങ്ങൾ നമ്മെ പലതും പഠിപ്പിക്കും എന്ന് മനസ്സിലായില്ലേ?

ഇനിയും ഒത്തിരിയേറെ പറയാനുണ്ടെങ്കിലും വെറുപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ദൈവമേ രണ്ടുമൂന്നു പ്രളയങ്ങൾകൊണ്ട് ഒന്നും ഞങ്ങൾ പഠിച്ചിട്ടില്ല, പിന്നെയാണോ ജലദോഷം വരുത്തുന്ന ഈ ഒരു കോവിഡ്? പ്ലീസ് ഇതിനെ ഒന്ന് എടുത്തു കൊണ്ടു പോകൂ എന്ന നമുക്ക് പ്രാർത്ഥിക്കാം. മേൽപ്പറഞ്ഞവയിലെ ഹാസ്യവും കാര്യവും വേർതിരിച്ചറിയാനുള്ള പൊരുളും തെളിവും ഉൾവെളിവും നമുക്കുണ്ടല്ലോ അല്ലേ? ഇല്ലെങ്കിൽ ഇതൊരു ട്രോളാൻ ഉള്ള അവസരമായി എങ്കിലും കണ്ടാൽ മതി.

സമർപ്പണം: രോഗക്കിടക്ക ആകുന്ന അൾത്താരയിൽ ജീവൻ പണയം വച്ച് ബലിയർപ്പിക്കുന്ന ഭൂമിയിലെ എല്ലാ മാലാഖമാർക്കും വേണ്ടി

**ബ്രദർ ജോയൽ പനച്ചിപ്പുറം CST**

# കനൽ വഴികൾ

“മനുഷ്യൻ ക്രൂശിതനായതിന്റെയും ക്രൂശിതൻ ഉത്ഥിതനായവന്റെയും ഉത്ഥിതൻ സ്നേഹിതനായതിന്റെയും വഴികൾ; ഓശാന ഞായറിൽ നിന്നും ഉയിർപ്പു ഞായർ വരെയുള്ള വഴികൾ;” – കനൽവഴികൾ

**തൂലിക ഉയർത്തും മുമ്പ്**

‘പിന്നിട്ട വഴികളെ മറക്കരുത്’ എന്ന ചൊല്ല് നാം പലതവണ കേട്ടു തഴമ്പിച്ചതാണ്. ഇന്ന് നാം സമൃദ്ധിയുടെ, വസന്തത്തിന്റെ ഒരു കാലത്തെ എത്തിപ്പിടിച്ചിട്ടുണ്ടെങ്കിൽ ഒന്നോർക്കുക, അതിനുപിന്നിൽ വേദനയുടെ, എരിയലിന്റെ ഒരു വഴിയുണ്ടായിരുന്നു എന്നത്. ഓരോ മനുഷ്യനും അവൻ പിന്നിട്ട വഴികളെ മറക്കാനാവില്ല. ക്രിസ്തുവിനും. അവൻ പിന്നിട്ട വഴികളെല്ലാം തന്നെ കനൽവഴികളായിരുന്നു. അതുകൊണ്ടുതന്നെ തീയിൽ കുരുത്തത് വെയിലത്ത് വാടില്ല എന്നതുപോലെ അവൻ ഒരിടത്തും പതറിയില്ല. ഒരു മനുഷ്യജീവിതത്തിൽ സംഭവിക്കാവുന്നതിലേറെ ദാരുണ കൃത്യങ്ങൾ ഉണ്ടായപ്പോഴും ദൈവഹിതത്തിന് വിധേയ പ്പെടുകയല്ലാതെ ഒന്നിനോടും പ്രതികരിക്കാനോ ദു:ഖാർത്തനായി, വിവശനായി കഴിയാനോ അവൻ മുതിർന്നില്ല.

കേവലം ഒരു സ്പർശനത്താൽ രോഗികളെ സുഖ പ്പെടുത്തുവാനും മരിച്ചവരെ ഉയർപ്പിക്കാനും ശക്തമായിരുന്ന ആ കരങ്ങൾ മൂന്നാണികളാൽ തറയ്ക്കപ്പെടുവാൻ സ്വയം നീട്ടിക്കൊടുത്തത് നമ്മുടെയെല്ലാം പാപങ്ങൾക്ക് പരിഹാരമായി രക്ഷ നേടിയെടുക്കണം എന്ന ദൈവത്തിന്റെ ഹിതം പൂർത്തിയാകാനായിരുന്നില്ലേ? എനിക്കായ് ബലിയായി മാറിയ സ്നേഹം തന്നേക്കാൾ വലിയ കുരിശും വഹിച്ചുകൊണ്ട് ആ കനൽവഴിയിലൂടെ യാത്രയായത് എന്റെയും നിന്റെയും രക്ഷ നേടിയെടുക്കാനായിരുന്നില്ലേ? മനുഷ്യൻ ക്രൂശിതനായതിന്റെയും ക്രൂശിതൻ ഉത്ഥിതനായതിന്റെയും ഉത്ഥിതൻ സ്നേഹിതനായ തിന്റെയും വഴികൾ ധ്യാനാത്മകമാക്കുമ്പോൾ കനൽവഴികൾ എന്നല്ലാതെ മറ്റെന്തു പറയാൻ? യാതൊരു കുറ്റവുമില്ലാതെ കുറ്റക്കാരനായി വിധിക്കപ്പെടുന്ന ഈശോയുടെ സഹനത്തിലൂടെ യാണ് ഈ കനൽവഴിയുടെ ആരംഭം. കുറ്റം ചാർത്തിയവന്റെ തോളിൽ അതിനേക്കാൾ ഭാരമുള്ള കുരിശും കൊടുക്കുന്നു. അതും

വഹിച്ചുകൊണ്ടുള്ള ആ യാത്ര നരന്റെ രക്ഷയ്ക്കു മാത്രമായിരുന്നു. മനുഷ്യന്റെ സ്നേഹിതനാകാൻ ആയിരുന്നു..... ഓശാന ഞായർ മുതൽ ഉയർപ്പുവരെയുള്ള ആ തീർത്ഥയാത്ര നാമൊക്കെ ധ്യാനാത്മകമാക്കണം.... ഹൃദയത്തോടു ചേർത്ത് വയ്ക്കണം...

**ദാവീദിൻ സുതന് ഓശാന**

ജറുസലേമിലേക്കുള്ള ഈശോയുടെ രാജകീയ പ്രവേശനത്തിന്റെ അനുസ്മരണവും പീഢാനുഭവവാരത്തിലേക്കുള്ള കവാടവുമാണ് ഓശാന ഞായർ. തനിക്കു ജറുസലേമിലേക്കു പ്രവേശിക്കുവാൻ ഒരു കഴുതയെ അഴിച്ചുകൊണ്ട് തന്റെ പക്കലേക്ക് വരിക എന്ന ഗുരുവിന്റെ മൊഴികളെ അനുവർത്തിച്ച് ശിഷ്യന്മാർ ആരും ഉപയോഗിച്ചിട്ടില്ലാത്ത, കുറവുകളും രോഗങ്ങളും ഇല്ലാത്ത ഒരു കഴുതയെ കൊണ്ടുവരുന്നു. ഈ കഴുതയുടെ പുറത്തിരുന്നാണ് ഈശോ ജറുസലേമിൽ പ്രവേശിക്കുന്നത്. ഭൗതിക രാജാക്കന്മാരെ പോലെ കുതിരയുടെ പുറത്തല്ല, പ്രത്യുത കടമെടുത്ത കഴുതയുടെ പുറത്തിരുന്നാണ് ക്രിസ്തു ജറുസലേമിലേക്ക് പ്രവേശിക്കുക. അതായത് അക്രമവും അധികാരവും വഴിയല്ല മറിച്ച് ശാന്തതയും വിനയവും വഴി ഈശോ മനുഷ്യരെ രക്ഷിയ്ക്കുമെന്ന് ഇത് ചൂണ്ടി കാണിക്കുന്നു. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഒരു മാഹാരാജാവ് നമ്മെ വിനയത്തിന്റെയും എളിമയുടേയും മാനൃത കാട്ടിത്തന്നെങ്കിൽ ആ രാജാവിന്റെ അനുയായികൾ എന്ന നിലയിൽ അവന്റെ ആ പാത ചരിക്കാൻ നാമും ബാദ്ധ്യസ്ഥരാണ്. ഈശോയിൽ രക്ഷകനായ മിശിഹായെ തിരിച്ചറിഞ്ഞതുകൊണ്ടാണ് 'ദാവീദിന്റെ പുത്രന് ഓശാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ' എന്ന് ജനം ആർത്തു വിളിച്ചത്. സന്തോഷത്തോടെയുള്ള ഈ ആർപ്പുവിളി വിലാപത്തിന്റെ ഒരു തുടക്കമായിരുന്നു. ആനന്ദത്തോടെ ആർപ്പുവിളിച്ച പലരും കനൽവഴിയിൽ ഒപ്പമുണ്ടായിരുന്നില്ല. ഓശാന പാടിയ ജനക്കൂട്ടം തന്നെയാണ് ഏതാനും ദിവസങ്ങൾക്കുള്ളിൽ അവനെ ക്രൂശിക്കുക എന്ന് ആക്രോശിച്ചത്. അവനോടൊപ്പ മുണ്ടായിരുന്ന ശിഷ്യർപോലും അവനിൽ ഇടറുകയും ചിതറിക്കപ്പെടുയും ചെയ്തു. കാരണം അവർ വച്ചുപുലർത്തിയ മിശിഹാ സങ്കൽപം ആത്മീയതയേക്കാൾ ഭൗതിക മാനദണ്ഡ ങ്ങളായിരുന്നു. പീഢകളെയും കുരിശിനെയും പുൽകുന്ന മിശിഹാസങ്കൽപം അവർക്ക് അന്യമായിരുന്നു. മിശിഹായെ ക്കുറിച്ചുള്ള നമ്മുടെ സങ്കല്പം കൂട്ടിയുറപ്പിക്കാനും ത്യാഗത്തിന്റെ

മൂശയിൽ ഉരുക്കിവാർത്തെടുക്കാനുമുള്ള അവസരമാണ് ഓശാന ഞായർ. ഇന്നും എന്നും വിജയശ്രീലാളിതനായ ക്രിസ്തുവിന് ഓശാന പാടാൻ, അവനെ പ്രകീർത്തിക്കാൻ കടപ്പെട്ടവരാണ് നാം. അവൻ നടന്ന ആ കനൽവഴികളിലൂടെ ചരിച്ച് അവനെ ഓശാന പാടി എതിരേൽക്കാൻ നമുക്കാവുമ്പോഴാണ് നമ്മുടെ ക്രിസ്തീയ ജീവിതം ധന്യമാകുന്നത്.

**അന്ത്യഅത്താഴമേശയും കാൽവരി കുരിശും**

യേശുവിന്റെ കുരിശുമരണം വെറുമൊരു കൊലപാതകമോ രക്തസാക്ഷിത്വമോ ആയിരുന്നില്ല. മറിച്ച് പിതാവായ ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണമായിരുന്നു. യേശു സ്വമേധയാ കുരിശുമരണത്തിന് സമർപ്പിക്കുകയായിരുന്നു. മനുഷ്യമക്കളെ പാപത്തിന്റെ കുഴിയിൽ നിന്നും കരകയറ്റാൻ, അവരെ ദൈവമക്കളുടെ സ്ഥാനത്തേക്കുയർത്താനും യേശു കുരിശിൽ അർപ്പിച്ചത് ഏകവും പൂർണവുമായ ബലിയാണ്. ഈ ബലിയിൽ ക്രിസ്തുവാണ് പുരോഹിതൻ. ബലിവസ്തുവാകട്ടെ അവിടുത്തെ ശരീരവും. അതുകൊണ്ടാണ് തന്നെത്തന്നെ ബലിയർപ്പിച്ച ക്രിസ്തു എന്ന് നാം അവനെ വിശേഷിപ്പിക്കുക. യേശുവിന്റെ ഈ രക്ഷാകരബലിയുടെ അനുസ്മരണവും ആഘോഷവുമാണല്ലോ വി. കുർബ്ബാനയിലൂടെ നാം ഓർമ്മിക്കുക. തന്റെ പീഢാനുഭവത്തിന്റെ തലേരാത്രി ശിഷ്യരോടൊത്താണ് യേശു കുർബാന സ്ഥാപിക്കുക. അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ അവൻ അപ്പമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് കൊടുത്തുകൊണ്ടു പറഞ്ഞു. ‘ഇതെന്റെ ശരീരമാണ്. നിങ്ങൾ ഇതു ഭക്ഷിക്കുവിൻ. പാനപാത്രമെടുത്ത് പറഞ്ഞു. ഇതെന്റെ രക്തമാണ്. നിങ്ങൾ ഇതിൽ നിന്ന് പാനം ചെയ്യുവിൻ’ (മത്താ 26: 26-28). പിറ്റേ ദിവസം കാൽവരിയിൽ പൂർത്തിയാകാനിരുന്ന രക്ഷാകരബലി സെഹിയോൻ മാളികയിലെ അന്ത്യഅത്താഴവേളയിൽ യേശു മുൻകൂട്ടി അവതരിപ്പിക്കുകയായിരുന്നു. അന്ത്യഅത്താഴമേശയും കാൽവരികുരിശും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അന്ത്യഅത്താഴമേശയിൽ പ്രതീകാത്മകമായി അർപ്പിക്കുകയും കാൽവരിയിൽ പൂർത്തിയാക്കുകയും ചെയ്ത ബലി. ‘അന്ത്യഅത്താഴ മേശയിൽ നിന്നും കാൽവരിയിലേക്കുള്ള യാത്ര.... ഇന്ന് ഓരോ പരിശുദ്ധ ബലിയുടെ പ്രാരംഭത്തിലും വൈദികൻ പറയുമല്ലോ. “ഏറ്റവും സന്തോഷ

ത്തോടെ, സ്നേഹത്തോടെ, ഒരുമിച്ച് ഈ ബലിയർപ്പിക്കാം എന്ന്.” അതെ, സന്തോഷത്തോടെ പരിശുദ്ധ ബലിയർപ്പിക്കുമ്പോൾ നാം അനുഭവിക്കേണ്ടത്, ധ്യാനിക്കേണ്ടത് ക്രിസ്തു കാൽവരിയിൽ സഹിച്ച പീഢകളാണ്, വേദനയാണ്. ആ പീഢകൾ, ആ കനൽ വഴികൾ അനുസ്മരിച്ചുകൊണ്ടു വേണം നാം ഓരോ പരിശുദ്ധ ബലിയിലും അണയാൻ. മനുഷ്യമക്കളുടെ പാപഭാരം സ്വന്തം തോളിൽ വഹിച്ച്, അവർക്ക് പകരം കുരിശുമരണമെന്ന ശിക്ഷയേറ്റുവാങ്ങി, അവർക്കു മോചനം നേടികൊടുത്ത ക്രിസ്തുവിനെയാണ് കാൽവരി ക്രൂശിൽ നാം കാണുന്നത്. യേശുവിന്റെ കുരിശുമരണം പാപപരിഹാരബലിയും രക്ഷാകരമായ ആത്മസമർപ്പണവുമാണ്. കുരിശില്ലാതെ രക്ഷയില്ല. സഹനമില്ലാതെ പാപമോചനവുമില്ല. ഓരോ ക്രിസ്ത്യാനിയും കുരിശിനെയാണ് ധ്യാനിക്കേണ്ടത്. കുരിശിനെ ധ്യാനിക്കുന്നവൻ അവൻ നടന്ന ആ കനൽവഴികളെ ഓർക്കാതിരിക്കില്ല. തീർച്ച. ആ കനൽവഴികളെ നമുക്കും നമ്മുടെ വഴികളാക്കാം. ഇപ്പോൾ സഞ്ചരിക്കുന്ന ആനന്ദദായകവും സുഖകരവുമായ പാതകളെ ഉപേക്ഷിച്ച് അവൻ നടന്ന, അവൻ കാണിച്ചുതന്ന കനൽവഴികളിലൂടെ നടക്കാം. അങ്ങനെ ഈ ക്രിസ്തീയ പാത നേരെയാക്കാൻ നമുക്ക് പരിശ്രമിക്കാം.

**ഉത്ഥാനം നൽകുന്ന കരുത്തും പ്രത്യാശയും**

ഏതു സഹനങ്ങൾക്കപ്പുറവും ഒരു സന്തോഷത്തിന്റെ വസന്തകാലം കാത്തിരിപ്പുണ്ട്. ഉത്ഥാനം നൽകുന്ന സന്തോഷവും അതുതന്നെയാണ്. ക്രിസ്തുവിന്റെ ഏതാനും ദിവസത്തെ കനൽവഴികൾക്ക് ശേഷം എന്നെന്നേക്കുമായി അവൻ ഉയിർപ്പിക്കപ്പെട്ടത് മാനവകുലത്തിന് ആനന്ദമേകുന്ന വസ്തുത യാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ലാണ് യേശുവിന്റെ പുനരുത്ഥാനം. കഠിനമായ പീഢകൾ അനുഭവിച്ച് യേശു കുരിശിൽ ജീവൻ വെടിഞ്ഞപ്പോൾ എല്ലാവരും കരുതി അത് യേശുവിനെ സംബന്ധിച്ച് എല്ലാത്തിന്റെയും അവസാനമാണെന്ന്. ശിഷ്യർ പോലും ആ നൈരാശ്യത്തിലും ശൂന്യതയിലും ഭയത്തിലുമായിരുന്നു. എന്നാൽ അവരെ കൂടുതൽ നിരാശപ്പെടുത്തികൊണ്ട് കല്ലറ ഒഴിഞ്ഞു കിടക്കുകയുമായിരുന്നു. അവരുടെ യുക്തിക്ക് ഉൾകൊള്ളാൻ ദുഷ്കരമായ ഒരു കാര്യമായിരുന്നു യേശുവിന്റെ

ഉയിർപ്പ്. യേശു ഉയിർത്തെഴുന്നേറ്റതോടെ ശിഷ്യരെല്ലാം ശക്തിയാർജ്ജിച്ചു. അവിടുത്തെ ഉയിർപ്പ് നൽകിയ തകർക്കാനാവാത്ത പ്രത്യാശയാണ് യേശുവിന്റെ ശിഷ്യരെയും ആദിമ ക്രൈസ്തവരെയും കഠിന പീഡകളിൽ ശക്തി നൽകി നയിച്ചത്. ഈ ശക്തിയും പ്രത്യാശയുമാണ് ഇന്നും ക്രിസ്തു അനുയായികളെ വഴിനടത്തുന്നത്.

ഇന്ന് ക്രൈസ്തവർ ലോകത്തിൽ പീഡകളേൽക്കുന്നുണ്ടെങ്കിൽ, അടിച്ചമർത്തപ്പെടുന്നുണ്ടെങ്കിൽ അത് സത്യമായും ക്രിസ്തുവുണ്ട് എന്ന വിശ്വാസം ഉള്ളതുകൊണ്ടാണ്. അവന്റെ ഉത്ഥാനത്തിന്റെ കരുത്തും ശക്തിയുമാണ് എന്നെയും നിന്നേയും മുന്നോട്ടു നയിക്കേണ്ട ചാലകശക്തി. മരണത്തിനുശേഷം ഉത്ഥാനമുണ്ടെന്നത് മനുഷ്യർക്കു കിട്ടാവുന്ന ഏറ്റവും വലിയ ശക്തിയാണ്. ആ പ്രത്യാശ തന്നെയാണ് യേശുവിന്റെ ഉയിർപ്പിലൂടെ നമുക്ക് ലഭിച്ചതും. അവന്റെ കനൽവഴികൾക്കപ്പുറവും ഒരു ഉയിർപ്പുണ്ടായിരുന്നു. ഓരോ ക്രൈസ്തവന്റെയും പ്രത്യാശയും ഇതായിരിക്കട്ടെ. എഴുതപ്പെട്ടതുപോലെ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള പ്രത്യാശ.

**ബ്രദർ സിബിൻ പാണ്ടിയപ്പിള്ളിൽ സി.എസ്.റ്റി.**

◆

---

## എഴുതപ്പെട്ടതുപോലെ

"നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ?" പിലാത്തോസ് അവരോടു ചോദിച്ചു. എന്നാൽ ജനം വീണ്ടും ആർത്തുവിളിച്ചു. അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക. അവർ അവന്റെ വസ്ത്രങ്ങൾ ഭാഗിച്ചെടുത്തു. അങ്കിക്കുവേണ്ടി കുറിയിട്ടു. തലയോട്ടിടം എന്ന ഗോൽഗോഥയിൽ വച്ച് ദൈവപുത്രനെ അവർ തിരുലിഖിതം പ്രസ്താവിച്ചതുപോലെ കഴുവിലേറ്റി. കഴുമരത്തിലേറുന്നവൻ ശപിക്കപ്പെട്ടവനാണ് എന്ന യാഥാർത്ഥ്യം ദൈവപുത്രൻ സ്വയം ഏറ്റെടുക്കുകയായിരുന്നു. നിനച്ചിരിക്കാത്ത ഒരു നേരത്ത് അവർ അവനെ പിടിച്ചുകെട്ടി കുരിശിൽ തറച്ചു. എന്നാൽ അവനെ സംബന്ധിച്ചിടത്തോളം സകലതും പൂർത്തിയായി കഴിഞ്ഞിരുന്നു. ദൗത്യം പൂർത്തിയാക്കിയതിന്റെ ഒരു അത്ഭുതശാന്തത അവന്റെ മുഖത്ത് നിഴലിച്ചിരുന്നു. നാല്പത്തി രണ്ട് തലമുറകളുടെ നിരന്തരമായ കാത്തിരിപ്പിന്റെയും ഉപവാസ

ത്തിന്റെയും പ്രാർത്ഥനയുടെയും തിരുവെഴുത്തുകളുടെയും ഉത്തരമായിരുന്നു, മരണത്തിനു മുമ്പുണ്ടായിരുന്ന ക്രിസ്തുവിന്റെ മുഖത്തെ അത്ഭുതശാന്തത. ഒരു കുഞ്ഞാടിന്റെ തലയിൽ സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ചെയ്തുകൂട്ടിയ പാപങ്ങളെല്ലാം പ്രാർത്ഥനയുടെ ചങ്ങലകൊണ്ട് കോർത്തു ബന്ധിച്ച് മരുഭൂമിയുടെ ക്രൂരമായ അനന്തയിലേയ്ക്കും വേദനയുടെ ചൂടിലേയ്ക്കും ചവിട്ടിയും തുപ്പിയും ഉപേക്ഷിക്കുമ്പോൾ അവൻ അറിഞ്ഞിരുന്നില്ല ദൈവം ഒരിക്കൽ അതുപോലൊരു കുഞ്ഞാടിന്റെ വേഷം അണിയും എന്ന സത്യം. നിക്കോസ് തന്റെ ക്രിസ്തുവിന്റെ അന്ത്യപ്രലോഭന ത്തിൽ ഇപ്രകാരം ഒന്ന് കുറിക്കുന്നുണ്ട്. പ്രവാചകന്മാരെ കഴുവിലേറ്റുവാനുള്ള കുരിശു നിർമ്മിച്ചിരുന്നത് ആശാരി ച്ചെറുക്കനായ യേശു ആയിരുന്നു എന്ന്. എല്ലാവരും ശാപവാക്കുകൾ ശരവർഷം പോലെ എയ്തപ്പോൾ കൂട്ടത്തിലൊരുവനു തോന്നിയത്രേ: കുരിശു നിർമ്മിക്കുന്നതു വഴിയുണ്ടാകുന്ന പാപം മനുഷ്യകുലത്തിലാർക്കും ഏൽക്കാതിരിക്കുവാൻ യേശു അത് ഏറ്റെടുക്കുകയായിരുന്നു എന്ന്. അതായത്, മറ്റുള്ളവരുടെ പാപമാണ് അവൻ ഏറ്റെടുക്കുന്നത് എന്ന പരമയാഥാർത്ഥ്യം. രക്തത്തിലൂടെ മാത്രമേ പാപമോചനമുള്ളൂ എന്ന് വിശ്വസിച്ച ജനതയ്ക്കു മുമ്പിൽ അവൻ തന്റെ സ്വന്തം രക്തം ചിന്തുവാനായി നിന്നുകൊടുത്തു. പാപപരിഹാരകുഞ്ഞാടിനെപോലെ പാപത്തിന്റെ കറപുരണ്ട കുരിശ് അവൻ മടികൂടാതെ വഹിച്ചു. അവനെ അറിഞ്ഞവരും അനുഭവി ച്ചവരും അറച്ചുമാറി നിന്നു. കാരണം അവൻ ഇന്ന് ലോകത്തിന്റെ പാപം ഏറ്റെടുത്ത കുഞ്ഞാടാണ്. ഇനി ഉപേക്ഷിക്കലാണ്. ഏലി ഏലി ലമാസബക്ഥാനി എന്ന ചോദ്യം ക്രിസ്തു ഉതിർക്കുന്നത് ക്രൂരമായ ആ മൗനത്തിന്റെ മൂർച്ചയറിഞ്ഞതിനാലായിരുന്നു. പാപമേറ്റെടുത്ത കുഞ്ഞാടിനെപോലെ അവൻ ലോകത്തിനും സ്വർഗ്ഗത്തിനും മനുഷ്യനുമിടയിൽ ഉപേക്ഷിക്കപ്പെട്ടു. വിട്ടുപോകാതെ നിന്ന അമ്മയേയും സഹോദരനേയും പരസ്പരം ഏല്പിച്ചു കൊടുത്ത് ഇല്ലായ്മയുടെ ഉപേക്ഷയുടെ സ്വന്തമായി. സൂര്യൻ മുഖം പൊത്തി. ദേവാലയ തിരശ്ശീല സ്വയമേ കീറിപോയി, ഭൂമി വിറച്ചു, പാറകൾ പിളർന്നു. കാരണം ദൈവപുത്രൻ അവന്റെ ആത്മാവിനെ കാണിക്കയായ് മനുഷ്യന്റെ പക്കൽ സമർപ്പിച്ചിരിക്കുന്നു. ദൈവപുത്രൻ തിരുവെഴുത്തു നിറവേറ്റികൊണ്ട് മനുഷ്യകുലത്തിന്റെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിക്കപ്പെട്ടു കൊല്ലപ്പെട്ടു.

എന്നാൽ എഴുതപ്പെട്ടതുപോലെ മൂന്നാം ദിവസം അവൻ തന്നെകുറിച്ചുതന്നെ അരുളിചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു. മർത്യതയിൽ നിന്ന് അമർത്യതയിലേയ്ക്ക്, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക്, അസത്യത്തിൽ നിന്ന് സത്യത്തിലേയ്ക്ക്, അവൻ, ദൈവപുത്രൻ ഉയിർപ്പിക്കപ്പെട്ടു. 'അവിടുന്ന് അവനെ പാതാളത്തിൽ ഉപേക്ഷിക്കുകയില്ല. അവിടുത്തെ പരിശുദ്ധൻ അഴിഞ്ഞു പോകുവാൻ അനുവദിക്കുകയുമില്ല' എന്ന് എഴുതപ്പെട്ടതുപോലെ അവിടുന്ന് അവനെ ആ പൂർവ്വമഹത്വത്തിൽ വീണ്ടും ഉപവിഷ്ടനാക്കുവാൻ ഇടവരുത്തി.

**ബ്രദർ സഞ്ചു പുതിയേടത്ത് സി.എസ്.റ്റി.**

◆

---

# Days to Remember

## 2020 May 2020 July

| | |
|---|---|
| May 05 | - D.A. of Fr. Norbert Vandalathukari CST |
| May 10 | - D.A. of Fr. Jacob Edakkalathur CST |
| May 21 | - D.A. of Fr. Albert Vettukallumpurath CST |
| June 03 | - D.A. of Fr. Varghese Koikkara CST |
| June 24 | - D.A. of Fr. Augustine Thekkel CST |
| June 29 | - D.A. of Fr. Emmanuel Arackathottam CST |
| July 03 | - St. Thomas Day |
| July 09 | - D.A. of Fr. Damien Kondoor CST |

# കോവിഡ് – 19 പ്രതിരോധ പ്രവർത്തന റിപ്പോർട്ട്
# സെന്റ് ജോസഫ്സ് പ്രൊവിൻസ്

ലോകം മുഴുവൻ കോവിഡ് –19 ന്റെ ഭീതിയിലായിരിക്കുമ്പോൾ ആഗ്രഹങ്ങളസ്തമിച്ച് നിരാശയിലായിരിക്കുന്ന ജനസമൂഹങ്ങളെ ഉത്ഥാനത്തിന്റെ വക്താക്കളായി പ്രതീക്ഷയുടെ ഭാവികാലത്തേക്ക് നമുക്ക് ചേർത്തുപിടിക്കാം. പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ സാംക്രമിക രോഗത്തെ ഇല്ലാതാക്കാനായി പ്രവർത്തനങ്ങൾ നമുക്കോരോരുത്തർക്കും ഓരോ വ്യക്തികളിൽ നിന്നും ആരംഭിക്കാം

2019 ൽ ചൈനയിൽ നിന്നാരംഭിച്ച് ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ മഹാമാരിയെ തുടച്ചു നീക്കാൻ സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ നേതൃത്വത്തിൽ ഒത്തിരി സഹായങ്ങൾ ചെയ്യുന്നുണ്ട്. ദൈനംദിനമുള്ള പ്രാർത്ഥനയിലൂടെയും ആരാധനയിലൂടെയും കോവിഡ് –19 മൂലം ബുദ്ധിമുട്ടുകളും വേദനകളും അനുഭവിക്കുന്നവരെയും പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവരെയും ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സെന്റ് ജോസഫ്സ് പ്രൊവിൻസ് മേൽനോട്ടം വഹിക്കുന്ന ഹൗസിംഗ് പ്രോജക്ടുകളിലെ ഓരോ കുടുംബത്തിനും ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തും, സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കുടുംബങ്ങൾക്ക് വ്യക്തപരമായി സാമ്പത്തിക സഹായം നല്കുകയും ചെയ്യുന്നു.

രാപകലില്ലാതെ കോവിഡ് –19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ആലുവ ഡി.വൈ.എസ്.പി. ഓഫീസിലും, എടത്തല പോലിസ് സ്റ്റേഷനിലും ദിവസവും ഒരു നേരത്തെ ഭക്ഷണം നല്കുന്നു.

പ്രൊവിൻസിന് കീഴിലുള്ള ജെ.പി.എം. കോളേജും, സാൻജോ കോളേജും കോവിഡ് –19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാരിന് കൊടുക്കുകയും, ചുറ്റുപാടുള്ളവർക്ക് ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുവാനായി സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

മഹാമാരിയെ പ്രതിരോധിക്കുവാനുള്ള മാസ്ക്കിന്റെ നിർമാണപ്രവർത്തനങ്ങൾ പ്രൊവിൻസിന്റെ സാമൂഹ്യ സേവന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. കോവിഡ് 19 കാരണം നിരീക്ഷണത്തിൽ കഴിയുന്നവർക്കും, മറ്റുള്ളവർക്കും ഭക്ഷണം നല്കാൻ അഹോരാത്രം അദ്ധ്വാനിക്കുന്ന കമ്മ്യുണിറ്റി കിച്ചൻ കൂട്ടായ്മയ്ക്ക് സഹായം നല്കി വരുന്നു. അതുപോലെതന്നെ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് ചികിത്സ സഹായം പ്രൊവിൻസ് നല്കി വരുന്നു.

ലോകം മുഴുവൻ വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ സ്വന്തം കാര്യം മാത്രം നോക്കാതെ മറ്റുള്ളവരുടെ കാര്യത്തിലും കരുതലുള്ളവരായി ജീവിക്കുവാൻ നമുക്ക് സന്നദ്ധരാകാം, പരിശ്രമിക്കാം.

◆

## സെന്റ് തോമസ് പ്രൊവിൻസ്

പ്രിയമുള്ളവരെ,

നമ്മുടെ സമരിറ്റൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഇക്കാലത്ത് ഏറെ ഉപകാരപ്പെടുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷം.

**നാം നൽകി വരുന്ന സേവനങ്ങൾ**

1. ഫ്രീ ആംബുലൻസ് സർവ്വീസ്
2. മരുന്നുകൾ
3. പാലിയേറ്റീവ് സർവീസ്
4. ഭക്ഷണസാധനങ്ങൾ

**1. ആംബുലൻസ് സർവ്വീസ്:** വിവിധങ്ങളായ രോഗങ്ങളാൽ വിഷമിക്കുന്ന ആളുകൾക്ക് ആശുപത്രികളിലും, ക്യാൻസർ, ഡയാലിസിസ് സെന്ററുകളിലും, മറ്റും പോകുവാൻ വേണ്ട സൗകര്യങ്ങൾ നമ്മൾ തീർത്തും സൗജന്യമായി ചെയ്തുവരുന്നു. ആശുപത്രിയിലെ ആവശ്യങ്ങൾ കഴിഞ്ഞു തിരിച്ചു ഭവനങ്ങളിൽ എത്തിക്കുന്നു. ഈ കാലഘട്ടത്തിൽ ഏകദേശം 20 ആംബുലൻസ് സർവ്വീസ് വിവിധ രോഗികൾക്കായി നൽകുകയുണ്ടായി. ഇതുവരെ നാം കോഴിക്കോട് മെഡിക്കൽ കോളേജ് എം.വി.ആർ. ക്യാൻസർ സെന്റർ കോഴിക്കോട്, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ

ജില്ലാ ആശുപത്രി, തളിപ്പറമ്പ് താലൂക്ക് ആശുപത്രി, കോ-ഓപ്പറേറ്റീവ് ആശുപത്രി, കുഞ്ഞിപ്പള്ളി ആയുർവ്വേദ ആശുപത്രി, ശ്രീകണ്ഠാപുരം രാജീവ് ഗാന്ധി ആശുപത്രി, പയ്യാവൂർ കാരിത്താസ് ആശുപത്രി തുടങ്ങിയ സ്ഥലങ്ങളിൽ വിവിധ രോഗികളെ അവരുടെ ആഗ്രഹപ്രകാരം എത്തിക്കുവാൻ സാധിച്ചു. ഡയാലിസിസ് ചെയ്യുന്നവരെ പരിയാരം മെഡിക്കൽ കോളേജിൽ എത്തിച്ചു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുത്തു വരുന്നു. തിങ്കൾ, ബുധൻ ഒഴികെ എല്ലാ ദിവസവും നാം ഇവിടെ നിന്നും രോഗികളെ പരിയാരത്ത് ഡയാലിസിസിന് കൊണ്ടുപോകുന്നുണ്ട്. നിങ്ങളുടെ അറിവിൽ ആരെങ്കിലും ഉണ്ടെങ്കിൽ ഈ സേവനം അവർക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

ആംബുലൻസ് ഡ്രൈവർമാരായ സനീഷ്, ഡൊമിനിക്, ഷൈജ മുഹമ്മദ്, നമ്മുടെ വാർഡ് മെമ്പർ വിജയകുമാർ മാസ്റ്റർ, മറ്റ് വോളണ്ടിയേഴ്സ് എന്നിവരുടെ നിസ്വാർത്ഥ സേവനത്തെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കാം.

2. **മരുന്നുകൾ**

വിവിധ മരുന്നുകൾ ലഭിക്കാതെ അനുഭവിച്ചു കൊണ്ടിരിക്കുന്നവർക്ക് അതായത് ക്യാൻസർ ഡയാലിസിസ്, സൈക്ക്യാട്രി, ബി.പി. കൊളസ്ട്രോൾ, കണ്ണിന്റെ മരുന്നുകൾ, നിത്യം കഴിക്കേണ്ട മറ്റ് പലവിധ മരുന്നുകൾ പ്രത്യേകിച്ചും സാമ്പത്തികമായി വലിയ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് കഴിവതും ഫ്രീയായി ഇവ നാം എത്തിച്ചു നൽകി വരുന്നു. ഇതിൽ ശ്രീകണ്ഠാപുരം സ്വദേശിയായ ഒരു ക്യാൻസർ രോഗിക്ക് വളരെ അടിയന്തരവും, ഏറെ വില പിടിപ്പുള്ളതുമായ ഒരു ഇഞ്ചക്ഷൻ മരുന്ന് ഫയർഫോഴ്സിന്റെ സഹായത്തോടെ കൊച്ചിയിൽ നിന്നും എത്തിച്ചു കൊടുക്കാൻ കഴിഞ്ഞത് ഒരു വലിയ ദൈവാനുഗ്രഹമായി കാണുന്നു.

3. **പാലിയേറ്റീവ് സർവ്വീസ്:** വീടുകളിൽ കിടപ്പിലായ രോഗികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു. കിടപ്പുരോഗികൾക്ക് മരുന്നും, മുറിവുകൾ വച്ച് കെട്ടുന്നതിനാവശ്യമായ സാധനങ്ങൾ മറ്റ് കാര്യങ്ങളും ചെയ്തുവരുന്നു.

4. **ഭക്ഷണസാധനങ്ങൾ :** ഭക്ഷണകിറ്റ് ഏതാനും പേർക്ക് നൽകി.

മേൽപ്പറഞ്ഞ കാര്യങ്ങൾ നമുക്ക് ഏറെ കൃത്യതയോടെ നിർവ്വഹിക്കാൻ സാധിക്കുന്നത് ജനപ്രതിനിധികൾ, പോലീസ്, ആശാവർക്കേഴ്സ്, നമ്മുടെ വോളണ്ടിയേഴ്സ് എന്നിവരുടെ നിസ്വാർത്ഥമായ സഹകരണം കൊണ്ടാണ് എന്ന കാര്യവും ഏറെ സന്തോഷത്തോടെ അനുസ്മരിക്കുന്നു.

ഈ കാലയളവിൽ മരിച്ചുപോയ എല്ലാ ആളുകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

ഒപ്പം നമ്മുടെ സുരക്ഷയ്ക്കായി രാപ്പകൽ അധ്വാനിച്ചു കൊണ്ടിരിക്കുന്ന എല്ലാ ആരോഗ്യപ്രവർത്തകരെയും, ഭരണാധി കാരികളെയും, പോലീസ് സേനയേയും ഏറെ നന്ദിയോടെ ഓർക്കാം, സാമൂഹിക അകലം പാലിച്ചുകൊണ്ട്, നമ്മുടെ പ്രാർത്ഥനകൾ നേരാം.

തുടർന്നും നിങ്ങളുടെ ഓരോരുത്തരുടേയും ആത്മാർത്ഥമായ പ്രോത്സാഹനവും, സഹകരണവും നമ്മുടെ സമരിറ്റൻ ശുശ്രൂഷകൾക്ക് ഉണ്ടാകും എന്ന പ്രതീക്ഷയോടെ "Stay Home, Stay safe, Save life"

## COVID 19 – LESSONS

Emerging pandemics show that humans are not infallible and communities need to be prepared. Restrictive measures like social distancing, lockdown, case detection, isolation, contact tracing, and quarantine of exposed had revealed the most efficient actions to control the disease spreading.

Olive ലേക്ക് ഉള്ള
വാർത്തകളും ചിന്തകളും ലേഖനങ്ങളും പ്രതികരണങ്ങളും
olivecstfathers@gmail.com എന്ന E-mail-ൽ
അയക്കേണ്ടതാണ്.

Olive ന്റെ കോപ്പി വ്യക്തിപരമായി സൂക്ഷിക്കാൻ
ആഗ്രഹിക്കുന്നവർ അറിയിച്ചാൽ കോപ്പി സംലഭ്യമാക്കുന്നതാണ്.

## SUPPORT TO THE NEEDIEST IN THE COVID-19 CRISIS

## LITTLE FLOWER PROVINCE

Covid 19 and consequent Lock-down affected the poor people the most. The daily workers, particularly the migrant workers who returned to their villages and the roadside petty shop-keepers and pedlars were hit very harshly under the lock-down. Little Flower Mission with its Team of Volunteers decided to reach out to the most affected families with food materials as temporary relief.

CASH CONTRIBUTIONS:

On April 9, 2020 Little Flower Mission contributed Rs. 7,00,000/- to the Prime Minister Cares Fund, and on April 16, 2020 contributed Rs. 5,00,000/- to Uttar Pradesh Chief Minister's Distress Relief Fund through District Magistrate of Gorakhpur.

DISTRIBUTION OF FOOD KITS:

1) 200 Packets to 200 Families (comprising 5 kg rice, 5 kg wheat flour, 4 kg soabean, salt, oil, masala each) in Ikauna block of Sharavasti District of U.P on 15/4/2020.

2) 60 Packets to 60 Families (comprising 3 kg rice. 3 kg wheat flour, Dal and soabean ½ kg each, masala and soaps 2 ps each) in Mithaura block of Maharajganj Distric, U.P on 15/04/2020.

3) 50 packets to 50 Families (comprising 5 kg rice. 5 kg wheat flour, 2 kg soabean, salt, oil, masala each) in Kalyan Badarasa, Ayodhya District, U.P on 16/04/2020.

4) 150 Packets to 150 Families (comprising 10 kg rice, 5 kg wheat flour, 4 kg soabean, masala, oil, salt each) in Mithaval Block, Basti District, U.P on 17/04/2020.

5) 100 packets to 100 Families (comprising 10 kg rice, 5 kg wheat flour, 2 kg dal, salt) in Chargawan area of Gorakhpur District, U.P on 17/04/2020.

6) Contribution to Community Kitchen of Gorakhpur District comprising 2200 kg rice, 500 kg wheat flour, 200 kg dal, 100 packets salt on 17/04/2020.

**PROGRAMME PLANNED IN THE NEXT WEEK:**

*Food kit distribution to poor through the District Administrations*

1) Raxaul, west Champaran, Bihar - 150 Packets for 150 Families

2) Salempur, Deoria, U.P - 200 Packets for 200 Families

3) Kalwari, Basti, U.P - 100 Packets for 100 Families

4) Mithaura, Maharajganj, U.P. - 100 Packets for 100 Families

**AWARENESS PROGRAMMES:**

In collaboration with the District Administration in Basti, Uttar Pradesh through the District Disaster Management Authority, Awareness Programmes are conducted in the Villages on the Corona Virus Disease. Mike Announcements, distribution of literature, posters, masks, sanitizers etc and Counselling are given. On the first day, the District Magistrate flagged of the Awareness Vehicle in Basti and the programme is going on every day.

A Short Film was prepared by the Staff of Little Flower School, Salempur (Deoria District) and circulated through Social Media as part of Awareness Programme. Other relevant information, video clips etc also are uploaded in the Social Media.

**PHOTO GALLERY:**



Cheque of Rs. 5,00,000/- to Uttar Pradesh Chief Minister’s Distress Relief Fund is handed over to District Magistrate of Gorakhpur by Fr. Lona Kallely.



The District Magistrate Flagged Off the Awareness Vehicle in Basti



Volunteers load the Food Kits for Distribution to the Families







Awareness Literature distributed in Villages

## LITTLE FLOWER GENERALATE, THRIKKAKARA

Little Flower Generalate contributed Rs. 50,000/- to Kerala Chief Minister's Distress Relief Fund, through KCMS - CRI Kerala Unit.

---

### COVID 19 – SPIRITUAL LESSONS

The Gospel - Matthew 6:5-7 reminds us : "*And when you pray you should not be like the hypocrites, who love standing in the synagogues and at the corners of the streets to pray so that they may be seen by people... But you, when you pray, enter in to your room, and having shut the door, pray to your Father, who sees in secret, will repay you. And when praying do not choose many words as the pagans do. For they think that by their excess of words they might be heeded*".

Covid 19 taught us to be secluded from the large community gatherings, big religious festivals and solemn celebrations in the name of prayer and spiritual life.

### COVID 19 – LESSONS

Unite behind the Science. We can all play a part in spreading accurate facts and Science, countering the misinformation that puts lives at risk. Both climate change and the COVID-19 pandemic require us to listen to experts, to unite behind the Science and not play Politics with people's lives. This means responding to the challenge at the appropriate scale and treating a crisis like a crisis with the urgency that's needed.

# KHRIST JYOTHI PROVINCE

## TO FEEL WITH THE PEOPLE AT THE TIME OF PANDEMIC

As the whole world and our country is undergoing a panic situation because of the corona epidemic and lockdown our life situation also has changed a lot. We are exploring our time mostly in prayer, works and other house hold activities. Our Ashrams are given one each day for fasting and prayer and all are participating in this chain of prayer. Many of our Ashrams and Institutions are doing lot of charitable works to the needy around us. Immaculate mission hospital at Muktsar, Punjab is converted into the general hospital since the general hospital is converted into the corona isolation wards. The management of Little Flower Convent School at Muktsar with the help of the Sisters and other workers in the campus made lot of masks and gave to the Government officials for distributing it to the needy. Milk packets, vitamin tablets, and food packets are distributed to the poor by the youth of the parishes under the guidance of the Parish Priests with the help of CRI and other charitable associations. Many of our schools are ready to be converted into the isolation ward for Covid patients if any emergency comes.

Since the students of our schools are not able to participate in the classes, the school managements are arranging online classes for the students to attend them at home. Some Parish Priests are conducting different kinds of competitions and entertainment programs for the Parishioners like Bible quiz, painting, drawing, cartoon, poem writing, song composition, story writing, article writing, funny and thought provoking video making, Bible writing etc. through on-line. Jyoti Media, the media platform of our Province is bringing out some videos with inspiring thoughts and conducting entertainment programs like lock down super singer in which more than 300 people participated from different parts of the world. Since we are away from each other let us be united in prayers and be safe at home.



*Fr Kumpuckal presents masks to police officer Mr. Sandhu IPS*

Catholics in a Punjab city have taken the lead to help the poor and needy during the nationwide lockdown under the leadership of Fr. Mathew Kumpuckal.

On April 17, the top police officer of Muktsar district launched a Church project to distribute 10,000 milk packets and vitamin tablets to people in their neighborhood

S Raj Bachan Singh Sandhu, the district's Senior Superintendent of Police who opened the program in front of the Catholic Church in the city, commended local Christians for reaching out the poor by following government norms for the lockdown.

The police chief stressed the need of alertness and awareness of the terrific sickness the coronavirus causes to people. "All should follow strictly the guidelines of the government," he said and highlighted the need of unity, cooperation, and hard work from all sections of society to eradicate the pandemic. The task "is highly demanding and challenging," he added.

The milk packets are prepared and distributed by the Little Flower Christian community, Little Flower School and Little Flower Charitable Society in Muktsar, all managed by the Congregation of St Theresa of Lisieux, a Kerala-based Religious Congregation for men.

Muktsar, or Sri Muktsar Sahib, is some 285 km southwest of Chandigarh the state capital.

On the occasion, Father Mathew Kumpuckal, manager the school and in charge of Muktsar's Catholic community, said some 20 volunteers will door deliver the packets at least seven days. “We will review the situation after that,” the 66-year-old priest told Matters India on April 17.

Father Kumpuckal, who was earlier the superior general of the congregation, said they follow a list of needy people prepared by the municipal officials. “We supply one part of the city where more poor people are living,” he added.

The Priest also handed over 1,000 clinical masks to Sandhu for the use of police personnel. He said the masks were “a token” of the Christian community's concern and appreciation for the dedicated service of the police during “the difficult time of coronavirus pandemic.”

Father Kumpuckal commended the Punjab government for “doing its best to combat the present situation” and for succeeding “to a great extend” to stop the spread of the virus in the northern Indian state.

He said the Christians in Muktsar began to reach out to people as soon as the lockdown was announced from March 25. “We have been collaborating with the district administration, Red Cross Society and the police department,” Father Kumpuckal said.

“From the beginning, our students, parents and neighbors were instructed through our school staff, teachers and communication medias to follow strictly the government rules and guidelines,” he explained..

Helped by the district health department and the Red Cross Society, the Catholic parish started making clinical masks for people and NGOs.

The joint efforts of priests, nuns and Catholic youth managed to supply 3500 clinical masks for Red Cross Society, health department and police personnel.

They also started distributing kits comprising wheat powder and grocery items to the needy. “Almost 100 families are helped in this way. We also provided medical help to those in need,” Father Kumpuckal said.

At the request of the district administration, the priests handed over their Immaculate Mission Hospital. This was done to help the health department to shift to the Church institution the medical department of the local Civil Hospital that was being prepared as a center for coronavirus test and treatment, said Father Sandeep, the hospital director.

The local community of the Daughters of Mary also helps the priests in the humanitarian works, Father Kumpuckal said.



Sisters & Team at Muktsar preparing Masks for free distribution

**COVID 19 – LESSONS**

The foremost lesson is how to better prepare for the next pandemic. Covid-19 has revealed the need to devote resources for future epidemic prevention, and create cost-benefit models to evaluate the timing and various types of shutdowns to save lives without excessive economic disruption.

Distribution of food Kits at Jhunjhunu, Rajasthan by CST Fathers









# അടിച്ചുപൊളിച്ചൊരു കോവിഡ് ഗാനം, ഷിന്റോ അച്ചന്റെ ആൽബം മിന്നിച്ചേ...

**സ്വന്തം ലേഖകൻ**

**തൃശൂർ:** വേറിട്ട ആശയവും ആവിഷ്കാരവുമായി അടിച്ചുപൊളിച്ചൊരു കോവിഡ് ഗാനം. കോവിഡിൻ വരദാനമേ എന്നാരംഭിക്കുന്ന ന്യൂജൻ വീഡിയോ ആൽബം ഇതിനകംതന്നെ യു ട്യൂബിലും മറ്റു സോഷ്യൽ മീഡിയകളിലും ഹിറ്റായി മാറിക്കഴിഞ്ഞു. ഫാ.ഷിന്റോ ഇടശേരി സിഎസ്ടിയാണ് തികച്ചും വേറിട്ട ഈ ആൽബമൊരുക്കിയത്.

പതിവുരീതികളിൽനിന്നും മാറി ആദ്യ ഫ്രെയിമിൽനിന്നുതന്നെ പ്രേക്ഷകനെ വിസ്മയിപ്പിക്കുന്ന ഈ ഗാനം പിന്നീടങ്ങോട്ട് ആസ്വാദകരെ രസിപ്പിക്കുംവിധം ഒരുക്കിയിട്ടുണ്ട്.

കോവിഡ് വലിയ ദുരന്തമാണെങ്കിലും അതു വന്നതുകൊണ്ട് കേരളം ലഹരിവിമുക്ത കേരളമായി എന്ന ആശയമാണ് ഫാ.ഷിന്റോ ആൽബത്തിലൂടെ ആസ്വാദകർക്കു മുന്നിലേക്ക് അവതരിപ്പിച്ചത്. ആ അർഥത്തിൽ കോവിഡ് ഒരു വരദാനമായി എന്നാണ് ഷിന്റോ അച്ചൻ അടയാളപ്പെടുത്തുന്നത്. തമാശയിലൂന്നിക്കൊണ്ട് വലിയൊരു സത്യം ഒളിപ്പിച്ചുവച്ചിരിക്കുകയാണ്.

മദ്യത്തേക്കാൾ കണ്ണീരൊഴുകിയ നാടാണിതെന്നും മദ്യം മൂലം എത്രയോ പ്രശ്നങ്ങളും നൂലാമാലകളും ഉണ്ടായിട്ടുണ്ടെ



ഫാ.ഷിന്റോ ഇടശേരി

ന്നും പറയുന്ന ആൽബത്തിൽ മദ്യമില്ലാത്ത കോവിഡ് കാലവും, വീടുകളിലുള്ള സന്തോഷവും സമാധാനവും കടന്നുവരുന്നു. കാലിയായ മദ്യക്കുപ്പികൾ മനോഹരമായി അലങ്കരിക്കുന്ന ദൃശ്യവും ആൽബത്തിലുണ്ട്.

ആശയവും ഗാനരചനയും സംഗീതവും സംവിധാനവും ഫാ.ഷിന്റോതന്നെ. സാജൻ കെ. റാം, ആൻമരിയ ഡൊമിനിക് എന്നിവരാണ് ആലാപനം. ഡൊമിനിക് മാർട്ടിൻ, എബിസൺ ആന്റണി എന്നിവർ ഓർക്കസ്ട്രേഷനും കാമറയും കൈകാര്യം ചെയ്തു. ജോബി തോമസ്, സിറിൾ വർഗീസ്, മറിയ തോമസ്, സാജൻ ചീനക്കയിൽ, ഷേർളി സാജൻ, ഷെറോൺ സാജൻ എന്നിവരാണ് അഭിനേതാക്കൾ.

സംഗീതത്തിന്റെ ലോകത്തു കഴിഞ്ഞ കുറേ കാലങ്ങളായി തന്റെ കൈമുദ്ര പതിപ്പിച്ച ഫാ. ഷിന്റോ മികച്ച സൃഷ്ടികൾ ഇതിനു മുമ്പും ആസ്വാദകർക്കു സമ്മാനിച്ചിട്ടുണ്ട്.

കഴിഞ്ഞ പ്രളയത്തിൽ 'മഴതേങ്ങും രാവിൽ' എന്ന വൈറലായ ഗാനം ഇദ്ദേഹത്തിന്റേതാണ്. ആദ്യ ആൽബമായ നിറവ് പ്രകാശനം ചെയ്തതു ഗാനഗന്ധർവൻ യേശുദാസാണ്. ദേശീയ അവാർഡ് ജേതാവ് ഉത്തര ഉണ്ണികൃഷ്ണൻ, ശ്രേയ ജയ്ദീപ് എന്നിവരുടെ ആദ്യ ക്രിസ്ത്യൻ ഗാനം ഈ വൈദികന്റേതാണ്. കുസാറ്റ് യൂണിവേഴ്സിറ്റിയിൽ ബെസ്റ്റ് പേപ്പർ അവാർഡ് ലഭിച്ച ഇദ്ദേഹം ജർമനിയിൽ ഉപരിപഠനത്തിനു തയാറാവുകയാണ്.

70ൽ അധികം ഗാനങ്ങൾ മലയാളത്തിനു നൽകിയ ഫാ. ഷിന്റോ ചെറുപുഷ്പ സഭാംഗമാണ്. തൃക്കാക്കര ജനറലേറ്റ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സിഎസ്ടി സഭയുടെ സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമാണ്.

https://youtu.be/joAIzwhOajo എന്ന യൂട്യൂബ് ലിങ്കിൽ ആൽബം കാണാം.

ഷിന്റോ അച്ചന്റെ കോവിഡ് ആൽബം മിന്നിച്ചേ എന്ന കമന്റുകളാണ് യു ട്യൂബിൽ നിറയെ.



കോവിഡിൻ വരദാനമേ എന്നാരംഭിക്കുന്ന മ്യൂസിക്കൽ വീഡിയോ ആൽബത്തിൽനിന്ന്.

NEWS PAPER REPORT ABOUT THE MUSIC ALBUM OF FR. SHINTO EDASSERY CST PUBLISHED IN DEEPIKA ON 05 MAY 2020 ON PAGE 03. LINK: https://epaper.deepika.com/c/51592031

# OBITUARY ON MR. THOMAS PLATHARA



Mr. Thomas Plathara was born on 02 November 1959. He belonged to Nitya Sahaya Matha Parish Church at Ezhukumvayal, in the Diocese of Idukki. After his school studies in June 1976 he joined Little Flower Minor Seminary, Mookkannur as a Candidate, completed his Novitiate at Little Flower Novitiate House, Puthencruz and made his First Profession on 17 May 1978. He was expected to go for his Pre University Studies at Christ College, residing at Vidya Bhavan, Bengaluru, but had to leave Little Flower Congregation, due to ill-health.

In 1979 Mr. Thomas started serving at Little Flower Printing Press, Thrikkakara and after one year he began his services as Office Assistant and Receptionist at Little Flower Generalate. He married Ms. Geetha from St. Jacob Parish Church of Bethel, in the Diocese of Idukki on 07 February 1994. The Family is blessed with two sons - Tom and Titu. Tom has completed B. Com and is looking for an opportunity for Higher Studies in Manchester, UK. Titu is doing CMA Second Year in Ernakulam.

Till the complete Lockdown on 24 March 2020 Mr. Thomas was rendering various services at Little Flower Generalate and the people of Thrikkakara. He became sickly and went for eternal reward on 04 May 2020 at 06.30 am. Little Flower Congregation is indebted to Mr. Thomas Plathara for his long tenure of committed service. We express our sincere condolences to Ms. Geetha, Tom amd Titu and all the relatives.

May his soul rest in peace.

Fr. Francis Kilivallickal CST
Superior General